# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P-8/1560/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 25/01/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P-8/1560/2022 തീയ്യതി: 25/01/2023

## ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2021 മുതൽ 07-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 09-11-2022 | 21-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-11-2022 | 21-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സാബു പി, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീ.റോയ് റ്റി എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ശ്രീദേവി ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.പ്രീത, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുദർശനബായ് കെ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.അജിതകുമാരി എൽ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അശ്വതി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ജോർജ്ജ് വർഗ്ഗീസ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.രജനി | മെഡിക്കൽ ഓഫീസർ , പി. എച്ച്. സി, | 01-04-2021 | 31-03-2022 |
| ഡോ.ജിജി ജോൺ | മെഡിക്കൽ ഓഫീസർ , ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ഡോ.വിദ്യ എം. പൈ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി.ഷീന എസ് | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീമതി. സ്വർണ്ണമ്മ | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-05-2021 |
| ശ്രീ.ജോൺബോസ്കോ | ഹെഡ്മാസ്റ്റർ | 01-06-2021 | 31-03-2022 |
| ശ്രീമതി.പ്രിയമ്മ ഫിലിപ്പ് | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.രസ്മി മാത്തവൽ | ഡെയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-10-2021 |
| ശ്രീമതി.സ്വപ്ന എസ് പിള്ള | ഡെയറി ഫാം ഇൻസ്ട്രക്ടർ | 01-11-2021 | 31-03-2022 |
| ശ്രീമതി.സന്ധ്യ എസ് പുത്തൻവെളി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 23-11-2021 |
| ശ്രീമതി.റോസമ്മ കെ ബി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 24-11-2021 | 31-03-2022 |
| ശ്രീ.ഷാജി റ്റി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 28-01-2022 |
| വേക്കന്റ് | അസിസ്റ്റന്റ് സെക്രട്ടറി | 29-01-2022 | 03-03-2022 |
| ശ്രീ.രാമചന്ദ്രൻ ജി | അസിസ്റ്റന്റ് സെക്രട്ടറി | 04-03-2022 | 31-03-2022 |
| ശ്രീമതി.ആതിര എസ് | വില്ലേജ് എക്സ്റ്റൻഷൻ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| കുറുപ്പ് | ഓഫീസർ((കണിച്ചുകുളങ്ങര)) | | |
| ശ്രീമതി. സ്മിത ഒ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ((മാരാരിക്കുളം)) | 01-04-2021 | 31-03-2022 |

ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക കണക്ക് പരിശോധന – അപാകതകൾ . | 1-2-1 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല | 1-10 |
| 11 | മൊബൈൽ ടവർ വസ്തുനികുതി -കുടിശ്ശിക ഈടാക്കണം | 1-11 |
| 12 | ഡി.& ഒ.ലൈസൻസ് - കുറവായി ഈടാക്കി- | 1-12 |
| 13 | സ്ഥിര നിക്ഷേപത്തിന്റെ കാലയളവ് പുനക്രമീകരിച്ച് പലിശ വരുമാനം വർദ്ധിപ്പിക്കേണ്ടതു സംബന്ധിച്ച് | 1-13 |
| 14 | വാഹനത്തിന്റെ പരിപാലനം-നിരവധി അപാകതകൾ- | 1-14 |
| 15 | ഫിഷറീസ് മേഖലയിൽ അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ ഒന്നും തന്നെ നടപ്പിലാക്കിയില്ല- | 1-15 |
| 16 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾകൾക്കുള്ള സ്കോളർഷിപ്പ്- അനുവദനീയമായ തുക പൂർണ്ണമായും വിതരണം ചെയ്യുന്നില്ല | 1-16 |
| 17 | സ്മാർട്ട് ഗാർബേജ് ബാഗ് മോണിട്ടറിംഗ് സിസ്റ്റം പ്രോ.നം - 188/22) - പദ്ധതി പൂർത്തിയാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു | 1-17 |
| 18 | പി.എച്ച്.സി. മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകൾ -മരുന്ന്/ഉപകരണങ്ങൾ പൂർണ്ണമായി ലഭിച്ചില്ല | 1-18 |
| 19 | മരുന്ന് വാങ്ങൽ പദ്ധതി - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല- | 1-18-1 |
| 20 | ഐ.കെ.എം.വിഹിതം -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല -90000/-രൂപ തടസ്സപ്പെടുത്തുന്നു | 1-19 |
| 21 | SSA വിഹിതം നൽകൽ - വിനിയോഗ രേഖകളില്ല-ചെലവ് തടസ്സപ്പെടുത്തുന്നു- | 1-20 |
| 22 | വീട് വാസയോഗ്യമാക്കൽ (പ്രോ.നം - 04/22) - അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തിയാക്കിയില്ല | 1-21 |
| 23 | സാമൂഹ്യ ക്ഷേമ പെൻഷൻ - യഥാസമയം സസ്പെന്റ് ചെയ്യുന്നതിൽ വീഴ്ച - | 1-22 |

| | | |
|---|---|---|
| | മരണശേഷവും വിതരണം നടത്തി- | |
| 24 | ടോയ്‌ലറ്റ് മെയിന്റനൻസ് (പ്രോ.നം 133/22) - സബ്സിഡി തുക ഗുണഭോക്താക്കൾക്ക് ലഭിച്ചില്ല | 1-23 |
| 25 | കരാർ കാലാവധിക്കുള്ളിൽ പൂർത്തിയാക്കാതിരുന്ന മരാമത്ത് പ്രവർത്തികൾ - കാലതാമസത്തിന് പിഴ ഈടാക്കിയില്ല | 1-24 |
| 26 | എർത്ത് വർക്ക് എസ്റ്റിമേഷന് കൂടിയ നിരക്ക് അനുവദിച്ചതുമൂലം അധികച്ചെലവ്. | 1-25 |
| 27 | അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ പദ്ധതി-അപാകതകൾ | 1-26 |
| 28 | MGNREGS-ബിൽ പ്രകാരം സപ്ലൈ ചെയ്ത അളവിനെക്കാൾ അധികം മെറ്റീരിയൽ സ്റ്റാക്ക് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു- | 1-27 |
| 29 | പ്രൊക്യൂർമെന്റ് കമ്മിറ്റി പ്രവർത്തനം കാര്യക്ഷമമല്ല- | 1-28 |
| 30 | വാട്ടർ ചാർജ്ജ് – ഡിമാന്റ് തുക ക്രമീകരിക്കാത്തതിനാൽ ഫൈൻ വർദ്ധിക്കുന്നു. | 1-29 |
| | ഭാഗം **2** | |
| 1 | ഡി.& ഒ.ലൈസൻസ് - കുറവായി ഈടാക്കി- | 2-1 |
| | ഭാഗം **3** | |
| 1 | എർത്ത് വർക്ക് എസ്റ്റിമേഷന് കൂടിയ നിരക്ക് അനുവദിച്ചതുമൂലം അധികച്ചെലവ് | 3-1 |
| 2 | സാമൂഹ്യ ക്ഷേമ പെൻഷൻ - യഥാസമയം സസ്പെന്റ് ചെയ്യുന്നതിൽ വീഴ്ച - മരണശേഷവും വിതരണം നടത്തി- | 3-2 |
| 3 | കരാർ കാലാവധിക്കുള്ളിൽ പൂർത്തിയാക്കാതിരുന്ന മരാമത്ത് പ്രവർത്തികൾ - കാലതാമസത്തിന് പിഴ ഈടാക്കിയില്ല | 3-3 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 2021 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 306230355 | 304537000 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റിച്ചർ പത്രിക പ്രകാരം) | 246277458 | 258696092 |

## 1-2-1 വാർഷിക കണക്ക് പരിശോധന – അപാകതകൾ .

മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1) സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിനത്തിലെ എ.സി.ആർ പ്രകാരമുള്ള ആകെ വരവ് (21958147) വാർഷിക കണക്ക് പ്രകാരമുള്ള ആകെ വരവുമായി (20157434) പൊരുത്തപ്പെടുന്നില്ല.

2) വാർഷിക കണക്ക് പ്രകാരം Auction Deposit എന്ന ശീർഷകത്തിലെ മുന്നിരിപ്പ് 51600/- രൂപയാണ്. തൻവർഷം ടിയിനത്തിൽ 2100/- രൂപ ലഭിച്ചതായും 300/- രൂപ തിരികെ നൽകിയതായും വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് 53400/- രൂപയാണ് നീക്കിയിരുപ്പായി കാണേണ്ടത്. എന്നാൽ ബാലൻസ് ഷീറ്റിലെ നീക്കിയിരുപ്പ് ബാധ്യത 1800/- രൂപ മാത്രമാണ്.

3) വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റിൽ Book Adjustments എന്ന ശീർഷകത്തിൽ റെസിഡൻഷ്യൽ, നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ തൻവർഷത്തെ വരവായി ഉൾപ്പെടുത്തിയ തുക ഏതൊക്കെ കെട്ടിടങ്ങളുടെ വസ്തു നികുതിയാണെന്നത് സംബന്ധിച്ച വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4) വാർഷിക കണക്ക് ഷെഡ്യൂൾ I-18 പ്രകാരം റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ 214889/- രൂപയും, നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ 161182/- രൂപയും ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഏതൊക്കെ കെട്ടിടങ്ങളുടെ നികുതിയാണെന്നത് സംബന്ധിച്ച് വിശദാംശങ്ങൾ ഫയലിൽ ചേർത്തിട്ടില്ല.

5) 2021-22 വർഷത്തെ വാർഷിക കണക്ക് പ്രകാരം കെട്ടിടങ്ങളുടെ പെർമിറ്റ് ഫീസിനത്തിൽ 171554/- രൂപയും റെഗുലറൈസേഷൻ ഫീസിനത്തിൽ 143362/- രൂപയും വരവുണ്ട്. എന്നാൽ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ വാർഷിക ഡി.സി.ബി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ കാണിച്ചിട്ടുള്ള തുകയുടെ ആധികാരികത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

6) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 11000744 |
| വരവ് | 118524284 |
| ആകെ | 129525028 |

| | |
|---|---|
| ചെലവ് | 110611706 |
| നീക്കിയിരിപ്പ് | 18913322 |
| വരവിനങ്ങളിലെ നഷ്ടം | 10000/- |
| ചെലവിനങ്ങളിലെ നഷ്ടം | 176771/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2623337/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 26872000 | 26872000 | 4832799 | 22039201 | 0 |
| വികസന ഫണ്ട് (എസ്.സി.പി.) | | 4927780 | 4927780 | 425314 | 4502466 | 0 |
| വികസന ഫണ്ട് (റ്റി.എസ്.പി) | | 265000 | 265000 | ---- | 265000 | |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | | 21488000 | 21488000 | -- | 4811990 | 16676010 (ലാപ്സ്ഡ്) |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | | 9359099 | 9359099 | -- | 6931584 | 2427515 (ലാപ്സ്ഡ്) |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) | | 13952364 | 13952364 | -- | 10443545 | 2308482 (ബാങ്ക്) 1200337 (ലാപ്സ്ഡ്) |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് (അൺടൈഡ്) | | 8005783 | 8005783 | -- | 6278954 | 1126453 (ബാങ്ക്) 600376 (ലാപ്സ്ഡ്) |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 176 | 239428768 | 83 | 93354167 | 56 | 37 | 47 |

## 1-6 ക്ഷേമ പദ്ധതികൾ

സംസ്ഥാന സർക്കാരിന്റെ ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 330720 | 187 |
| കർഷകതൊഴിലാളി പെൻഷൻ | 8327200 | 519 |
| വിധവാ പെൻഷൻ | 10911000 | 745 |
| വാർദ്ധക്യകാല പെൻഷൻ | 19187400 | 1428 |
| വികലാംഗ പെൻഷൻ | 7145400 | 474 |
| അവിവാഹിത പെൻഷൻ | 2156800 | 140 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ | 210000 | 7 |

| |
|---|
| ധനസഹായം |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 453091 | 1525521 | 1978612 | 1972905 | 5707 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 91671083 | 91671083 | 91671083 | 0 |
| | 453091 | 93196604 | 93649695 | 93643988 | 5707 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9.11.2022 തീയതിയിൽ 3.10 പി എം ന് എച്ച് സി യുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7024/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.7.2009 ലെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

1. 2017 മുതൽ ലഭിച്ച വിവിധയിനം ഡെപ്പോസിറ്റ് തുകകൾ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം നാളിതുവരെ തനതു ഫണ്ടിൽ മുതൽക്കൂട്ടുകയോ, തിരികെ നൽകുകയോ ചെയ്തിട്ടില്ല.

2. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വർഷാവസാനം നീക്കിയിരുപ്പുള്ള വിവിധയിനം ഡെപ്പോസിറ്റുകളുടെ വർഷം തിരിച്ചുള്ള വിവരം രേഖപ്പെടുത്തിയിട്ടില്ല.

3. കോൺട്രാക്ടേഴ്സ് റീ-ടെൻഷൻ തുകയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതിൽ തൻവർഷത്തെ സംക്ഷിപ്ത വിവരങ്ങൾ പോലും രേഖപ്പെടുത്തിയിട്ടില്ല.

4. ഡിജിറ്റലൈസ് ചെയ്തു സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്ററിൽ വിവരങ്ങൾ അപൂർണ്ണമാണ്. വർഷങ്ങൾക്ക് മുൻപുള്ള ആസ്തികളുടെ വിവരങ്ങൾ ആണ് ഈ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആർ ട്രാക്ക് എന്ന സോഫ്റ്റ്‌വെയർ മുഖേന 2022-23ൽ ആസ്തികളുടെ വിവരങ്ങൾ ഇപ്പോൾ തയ്യാറാക്കി വരുന്നുണ്ടെങ്കിലും, ആയത് ഭാഗികമായി മാത്രമെ പൂർത്തിയായിട്ടുള്ളൂ. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

5. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം ഒരു ഓഫീസിലെ ഫർണിച്ചർ, ബുക്ക്സ് & സ്റ്റേഷനറി, ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം നടത്തുന്ന വകുപ്പുകളിൽ ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ, തുടങ്ങിയവയ്ക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഈ പഞ്ചായത്തിൽ ഇപ്രകാരം സ്റ്റേഷനറി, ഫർണിച്ചർ, കംപ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്കായി പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ തൻ വർഷം വാങ്ങിയ ഉപകരണങ്ങളുടെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

6. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 153 പ്രകാരം വകുപ്പ് തലവൻ തന്റെ ചുമതലയിലുള്ള സ്റ്റോറിന്റെ മാർച്ച് 31 ലെ സ്ഥിതി വിവരം മെയ് മാസത്തിൽ എടുക്കേണ്ടതും ഉപയോഗശൂന്യമായവ ഡിസ്പോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച്, ഇതു സംബന്ധിച്ച് റിപ്പോർട്ട് ജൂൺ 15ന് മുമ്പ് മേലധികാരിക്ക് നൽകേണ്ടതുമാണ്. എന്നാൽ ഇപ്രകാരം സ്റ്റോക്കെടുപ്പ് നടത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

7. പഞ്ചായത്തിലെ വാഹന ഉപയോഗവുമായി ബന്ധപ്പെട്ട് അവശ്യം എഴുതി സൂക്ഷിക്കേണ്ടുന്ന ഫ്യൂവൽ രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ തുടങ്ങിയവ എഴുതി സൂക്ഷിച്ചിട്ടില്ല. ലോഗ് ബുക്കിൽ ഓരോ മാസവും ആകെ ഓടിയ ദൂരം, നിറച്ച ഇന്ധനം എന്നിവയുടെ മാസാന്ത്യ സംക്ഷിപ്തം എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. ഇന്ധന ക്ഷമതാ സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല.

8. വിവിധ പദ്ധതികളിൽപ്പെടുത്തി നടത്തിയിട്ടുള്ള വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടൽ ഉണ്ടായിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല

1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205, 1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനനികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനങ്ങളുടെ പേരു വിവരം | അർദ്ധവർഷം |
|---|---|---|
| 1. | യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് കമ്പനി, കഞ്ഞിക്കുഴി | 2 |

| | | |
|---|---|---|
| 2. | ക്ഷീരോൽപ്പാദക സഹകരണസംഘം, മാരാരിക്കുളം(A220D) | 2 |
| 3 | സർവ്വൻസ് കോപ്പറേറ്റീവ് ബാങ്ക്-1509 | 2 |
| 4 | മാവേലി സ്റ്റോർ, കണിച്ചുകുളങ്ങര | 2 |
| 5 | ശ്രീ ഗോകുലം ചിട്ടി & ഫിനാൻസ് കമ്പനി | 1 |
| 6 | റേഷൻകട ലൈസൻസികൾ | 1&2 |

എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം(12/18.11.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-11 മൊബൈൽ ടവർ വസ്തുനികുതി -കുടിശ്ശിക ഈടാക്കണം

ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 17 മൊബൈൽ ടവർ പ്രവർത്തിക്കുന്നതിൽ 7 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശികയായി നിലനിൽക്കുന്നു. ബി.എസ്.എൻ.എൽ, റിലയൻസ്, എ.റ്റി.സി എന്നി മൊബൈൽ ടവർ കമ്പിനിക്കാരുമായി കേസ് നിലനിൽക്കുന്നതിനാൽ കുടിശ്ശിക ഈടാക്കാനുള്ളതായി ഓഡിറ്റ് എൻക്വയറിക്ക്(നം-13/18.11.2022) മറുപടി നൽകിയിട്ടുണ്ട്. കുടിശ്ശികയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | മൊബൈൽ ടവർ | കുടിശ്ശികയുടെ വിവരങ്ങൾ | കുടിശ്ശിക തുക |
|---|---|---|---|---|
| 1 | 3/18A | BSNL | 2013 Ist Half-2015 IInd Half | 59598/- |
| 2 | 3/18B | ATC | 2013 Ist Half-2018 IInd Half | 145776/- |
| 3 | 10/13A | Reliance | 2013 Ist Half-2015 IInd Half | 130410/- |
| 4 | 10/158A | BSNL | 2013 Ist Half-2015 IInd Half | 37800/- |
| 5 | 11/517E | BSNL | 2013 Ist Half-2015 IInd Half | 34386/- |
| 6 | 14/298A | ATC | 2013 Ist Half-2018 IInd Half | 146850/- |
| 7 | 17/427B | BSNL | 2013 Ist Half-2018 IInd Half | 52525/- |

തുടർനടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 ഡി.& ഒ.ലൈസൻസ് - കുറവായി ഈടാക്കി-

ഡി. & ഒ. ലൈസൻസിനുള്ള താഴെപ്പറയുന്ന അപേക്ഷകനിൽ നിന്നും ലൈസൻസ് ഫീ കുറവായി ഈടാക്കിയതായി കാണുന്നു.

| അപേക്ഷകൻ /കെട്ടിട നം. | രസീത് നം. | തുക ഈടാക്കേണ്ടത് | തുക ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| കാർണോസ്റ്റി റിസോർട്ട് പ്രൈ.ലി. 1/800w | 120020500068/22.2.21 | 15000 | 10000 | 5000 |
| പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് നം. PCB/RO/ALPA/ICO/712/12/03.05.19 പ്രകാരം മൂലധന നിക്ഷേപം 1749 ലക്ഷം രൂപയാണ്. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 7, പട്ടിക II പ്രകാരം 10കോടിയലധികം മൂലധനനിക്ഷേപമുള്ള ടി സ്ഥാപനം ലാർജ് എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്നതാണ്. | | | | |

| അപേക്ഷകൻ /കെട്ടിട നം. | രസീത് നം. | തുക ഈടാക്കേണ്ടത് | തുക ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| എസ്കാപെഡ് റിസോർട്ട് | 120020500074/26.2.21 | 15000 | 10000 | 5000 |
| പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് നം. PCB/ALPA /UCO/382/2007/03.05.19 പ്രകാരം മൂലധന നിക്ഷേപം 2033.68 ലക്ഷം രൂപയാണ്. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 7, പട്ടിക II പ്രകാരം 10കോടിയലധികം മൂലധനനിക്ഷേപമുള്ള ടി സ്ഥാപനം ലാർജ് എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്നതാണ്. | | | | |

ഈയിനത്തിൽ 10000/- രൂപ കുറവായി ഈടാക്കിയത് തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-13 സ്ഥിര നിക്ഷേപത്തിന്റെ കാലയളവ് പുനക്രമീകരിച്ച് പലിശ വരുമാനം വർദ്ധിപ്പിക്കേണ്ടതു സംബന്ധിച്ച്

മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലെ നീക്കിയിരുപ്പ് തുകയിൽ ഒരു ഭാഗം ആലപ്പുഴ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കിൽ സ്ഥിരനിക്ഷേപമാക്കിയിട്ടുണ്ട്. 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്തിന് 2,28,26,700/- രൂപയുടെ സ്ഥിര നിക്ഷേപമുണ്ട്. ഇതിൽ 18,32,038 രൂപ തൻവർഷം പലിശയിനത്തിൽ ലഭിച്ചിട്ടുള്ളതാണ്. വിവിധ കാലയളവിൽ ആരംഭിച്ചിട്ടുള്ള ഏഴ് സ്ഥിരനിക്ഷേപങ്ങളിൽ രണ്ടെണ്ണം ആറ് മാസക്കാലയളവിലേക്ക് പലിശനിരക്ക് 6.25% നിരക്കിലും മറ്റൊന്ന് അഞ്ച് മാസത്തേയ്ക്ക് 5.75% പലിശ നിരക്കിലുമാണ് നിക്ഷേപിച്ചിട്ടുള്ളത്. ശേഷിക്കുന്നവ ഒരു വർഷ കാലയളവിലേക്ക് നിക്ഷേപിച്ചിരിക്കുന്നതിനാൽ 6.75% നിരക്കിൽ പലിശ ലഭിക്കുന്നുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | എഫ്.ഡി നം | നിക്ഷേപിച്ച തുക | പലിശ നിരക്ക് | കാലയളവ് |
|---|---|---|---|---|
| 01 | 5321 | 1817419 | 6.75 | 10.1.22 മുതൽ 10.1.23 വരെ (ഒരു വർഷം) |
| 02 | 5320 | 1817875 | 6.25 | 4.1.22 മുതൽ4.1.23 വരെ (ഒരു വർഷം) |
| 03 | 6393 | 417271 | 6.75 | 9.5.22 മുതൽ 9.5.23 വരെ (ഒരു വർഷം) |
| 04 | 3041 | 6737289 | 6.25 | 17.11.22മുതൽ 16.5 23 വരെ (ആറ് മാസം) |
| 05 | 3110 | 6258022 | 6.25 | 20.6.22 മുതൽ 19.12.22 വരെ (ആറ് മാസം) |
| 06 | 1034 | 5764500 | 6.75 | 4.7.22 മുതൽ 4.7.23 വരെ (ഒരു വർഷം) |
| 07 | 2954 | 14324 | 5.75 | 20.8.22 മുതൽ 20.1.20 23 വരെ (അഞ്ച് മാസം) |

മേൽ പറയുന്ന നിക്ഷേപങ്ങളെല്ലാം കാലാവധി പൂർത്തീകരിക്കുമ്പോൾ ഓട്ടോ റിന്യൂവൽ ചെയ്യുന്നുണ്ട്. മാത്രമല്ല തുക

ആവശ്യമുള്ള പക്ഷം കാലാവധി പൂർത്തീകരിക്കുന്നതിന് മുമ്പ് എപ്പോൾ വേണമെങ്കിലും പിൻവലിക്കാവുന്നതുമാണ്. ആയതിനാൽ തന്നെ മേൽ സൂചിപ്പിച്ച 6 മാസ നിക്ഷേപകാലാവധി ഒരു വർഷം ആക്കി മാറ്റിയാൽ പലിശ നിരക്കിൽ 0.5% വർദ്ധന വരുമെന്നതിനാൽ പ്രതിവർഷം നല്ലൊരു തുക പലിശയിനത്തിൽ അധിക വരുമാനം ലഭിക്കുന്നതാണ്. കൂടാതെ എഫ്.ഡി രസീതുകൾ പരിശോധിച്ചതിൽ, ക്രമ നം 1,2 എന്നിവ പ്രകാരമുള്ള സ്ഥിര നിക്ഷേപങ്ങൾ ഒരു വർഷ കാലയളവിലേയ്ക്ക് ഒരേ സമയമാണ് പുതുക്കിയിട്ടുള്ളതെങ്കിലും 5321 പ്രകാരമുള്ള സ്ഥിര നിക്ഷേപത്തിന് 6.75% നിരക്കിൽ പലിശ ലഭിക്കുമ്പോൾ 5320 പ്രകാരമുള്ളതിന് 6.25% നിക്കിലാണ് പലിശ കിട്ടുന്നത്. ഒരേ കാലയളവിലേയ്ക്ക് ഒരേ സമയം നിക്ഷേപിച്ച സ്ഥിര നിക്ഷേപങ്ങൾക്ക് വ്യത്യസ്ത നിരക്കിൽ പലിശ നിരക്ക് അനുവദിച്ചത് സംബന്ധിച്ച് ബാങ്കിൽ നിന്നും വിശദാംശങ്ങൾ ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

നിലവിൽ ആറ് മാസ കാലയളവിലേയ്ക്ക് നിക്ഷേപച്ചിട്ടുള്ള തുകകൾ ഒരു വർഷ കാലത്തേയ്ക്കുള്ള നിക്ഷേപമാക്കുന്നത് പഞ്ചായത്ത് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ച് തുടർനടപടി സ്വീകരിക്കുന്നതാണെന്നാണ് ഇതുസംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 21/19.11.22) ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയത്. പലിശ ഇനത്തിൽ നിലവിൽ ലഭിക്കുന്ന വരവ് വർദ്ധിപ്പിക്കാനാകും എന്നതിനാൽ ഈ വിഷയം പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-14 വാഹനത്തിന്റെ പരിപാലനം-നിരവധി അപാകതകൾ-

കെഎൽ-32-D-9 രജിസ്ട്രേഷനോടു കൂടിയ പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാഹനത്തിന്റെ ഇന്ധന ക്ഷമതാ ടെസ്റ്റ് നടത്തിയതിന്റെ രേഖകളില്ല.
2. വാഹനത്തിന്റെ ലോഗ്ബുക്കിൽ അതാതു മാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും, യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല.
3. വാഹനം ഉപയോഗിക്കുന്ന ആളുടെ സാക്ഷ്യപത്രം പോലും ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.
4. അറ്റകുറ്റപ്പണി സംബന്ധിച്ച വിവരങ്ങൾ ലോഗ് ബുക്കിൽ ചേർത്ത് സൂക്ഷിക്കുന്നില്ല.

ന്യൂനതകൾക്ക് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (19) ലഭ്യമാക്കിയ മറുപടിയിൽ ലോഗ് ബുക്ക് സംബന്ധിച്ച് ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ സമർപ്പിക്കുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വാഹനത്തിന്റെ ലോഗ് ബുക്ക് നിയമം അനുശാസിക്കുന്ന രീതിയിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. വാഹനത്തിന്റെ ഇന്ധന ക്ഷമതയെ സംബന്ധിച്ച് ബന്ധപ്പെട്ട അധികാരികളിൽ നിന്നും സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതാണ്.

## 1-15 ഫിഷറീസ് മേഖലയിൽ അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ ഒന്നും തന്നെ നടപ്പിലാക്കിയില്ല-

സുലേഖയിലെ രേഖപ്പെടുത്തലുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണോദ്യോഗസ്ഥനായി 4 പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ തൻവർഷത്തിൽ ഈ 4 പ്രോജക്ടുകളും നടപ്പിലാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റിന്റെ വിശദാംശങ്ങൾ | അടങ്കൽ | | | ആകെ | ചെലവ് |
|---|---|---|---|---|---|---|
| | | വികസന ഫണ്ട് | സംസ്ഥാനാവിഷ്കൃത ഫണ്ട് | മറ്റുള്ളവ | | |
| 1. | 34/22-മത്സ്യബന്ധന വല | 80000 | 0 | 80000 | 160000 | 0 |
| 2. | 2/22-സുഭിക്ഷ കേരളം-ബയോഫ്ലോക്ക് മത്സ്യകൃഷി | 368000 | 184000 | 828000 | 1380000 | 0 |
| 3. | 28/22 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണിച്ചർ. | 200000 | 0 | 0 | 200000 | 0 |
| 4. | സുഭിക്ഷ കേരളം-വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി | 200000 | 229600 | 630000 | 1059600 | 0 |

അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കാതെ ഉപേക്ഷിക്കുന്നത് മൂലം നിർധനരായ മത്സ്യതൊഴിലാളികൾക്ക് ലഭ്യമാകേണ്ടുന്ന ആനുകൂല്യങ്ങളാണ് നഷ്ടമായത്. പഞ്ചായത്തിലെ 1,14,18 എന്നീ വാർഡുകൾ തീരദേശ മേഖലയിൽ ഉൾപ്പെടുന്നതും നിരവധി മത്സ്യതൊഴിലാളികൾ അധിവസിക്കുന്നതുമാണ്. പ്രധാനമായും മത്സ്യബന്ധനം ജീവിതോപാധിയായി സ്വീകരിച്ചിട്ടുള്ള ഇവിടുത്തെ ജനങ്ങളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിന് വളരെയേറെ സഹായകരമാകുമായിരുന്ന പ്രൊജക്ടുകളാണ് മേൽസൂചിപ്പിച്ച പ്രകാരം നടപ്പിലാക്കാതെ ഉപേക്ഷിക്കപ്പെട്ടത്. മാത്രവുമല്ല, പദ്ധതി ആസൂത്രണം മുതൽ അംഗീകാരം ലഭിക്കുന്നത് വരെയുള്ള നടപടി ക്രമങ്ങളിൽ വളരെയധികം സമയവും, മനുഷ്യാദ്ധ്വാനവുമാണ് ചെലവഴിക്കപ്പെടുന്നത്. പദ്ധതി നടപ്പിലാക്കാത്തത് മൂലം ആയതും പാഴായി. ആയതിനു വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ എൻക്വയറിക്ക്(5) ലഭ്യമാക്കിയ മറുപടിയിൽ ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ ട്രെയിനിംഗ് നടക്കുന്നതിനാൽ മാർച്ച് മാസത്തിലാണ് നിർവ്വഹണം നടന്നതെന്നും 4 പദ്ധതികളും നടപ്പിലാക്കിയിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം ബില്ലുകൾ മാറി നൽകുവാൻ കഴിഞ്ഞിരുന്നില്ലായെന്നും, കൊല്ലം ജില്ലയിലേക്ക് സ്ഥലം മാറിപ്പോയതിനാൽ ഫയലുകൾ പകരം വന്ന ഉദ്യോഗസ്ഥയെ ഏൽപ്പിച്ചുവെന്നും, ബില്ലുകൾ മാറി നൽകാത്തത് മൂലം സാധനങ്ങൾ സപ്ലൈ ചെയ്ത കമ്പനികൾ നിരന്തരം വിളിക്കുന്നുണ്ടെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ മറുപടിയിൽ നിന്നും, 21-22 വർഷം വകയിരുത്തിയ ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടില്ലായെന്ന് വ്യക്തമാണ്. ഗ്രാമ സഭകൾ വഴി തെരഞ്ഞെടുക്കപ്പെട്ട് അന്തിമ അംഗീകാരം ലഭിച്ച നിർവ്വഹണ ഘട്ടത്തിൽ എത്തുന്ന പദ്ധതികൾ യഥാസമയം നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾകൾക്കുള്ള സ്കോളർഷിപ്പ്- അനുവദനീയമായ തുക പൂർണ്ണമായും വിതരണം ചെയ്യുന്നില്ല

| | |
|---|---|
| പ്രോജക്ട് നം. | 36/22 |
| അടങ്കൽ | 2840000 |
| ചെലവ് | 2367775 |
| 1) BRN21060552013500899417/6.1.22<br>2)BRN21060552013501062564/5.2.22 | 1187150(വികസനഫണ്ട്)<br>116650 |
| 3)246/5.2.22<br>4)247/5.2.22 | 332300<br>138100(ജില്ലാ പഞ്ചായത്ത്) |
| 5)BRN21060552013500932949/10.1.22 | 593575(ബ്ലോക്ക് പഞ്ചായത്ത്) |

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രോജക്ടിൽ പഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ആകെ 2840000/- രൂപ അടങ്കലിൽ പ്രോജക്ട് വിഭാവനം ചെയ്തിരുന്നു. എന്നാൽ ഇതിൽ 2367775/- രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. വിവിധ ആവശ്യങ്ങൾക്കായി മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വാർഷിക

ധനസഹായമായി 28500/- രൂപ നൽകേണ്ടതുണ്ട്. എന്നാൽ ആർക്കുംതന്നെ പൂർണ്ണമായും തുക നൽകിയിട്ടില്ല. 78 കുട്ടികൾക്ക് 26413/- രൂപ വീതവും 8 കുട്ടികൾക്ക് 19288/- രൂപ വീതവും മാത്രമാണ് നൽകിയിട്ടുള്ളത്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 25-01-2019 ലെ സർക്കുലർ നം.ഡി.എ -1/19/2019 പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് അർഹതപ്പെട്ട ബത്തയും സ്കോളർഷിപ്പും എല്ലാ മാസവും കൃത്യമായി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണെന്നും, മതിയായ തുക ഇതിനായി നീക്കിവെയ്ക്കുന്നുവെന്ന് ഉറപ്പു വരുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ പാലിക്കപ്പെട്ടിട്ടില്ല. സ്കോളർഷിപ്പ് തുക പൂർണ്ണമായും അനുവദിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.15/18.11022) ബിൽ സമർപ്പിച്ചിരുന്നെങ്കിലും ഫണ്ട് ലഭ്യമാകാതിരുന്നതിനാൽ ബാക്കി തുക നൽകാൻ കഴിഞ്ഞില്ല എന്ന് മറുപടി ലഭ്യമാക്കി. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് അർഹതപ്പെട്ട ബത്തയും സ്കോളർഷിപ്പും കൃത്യമായി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്. ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 1-17 സ്മാർട്ട് ഗാർബേജ് ബാഗ് മോണിട്ടറിംഗ് സിസ്റ്റം പ്രോ.നം - 188/22) - പദ്ധതി പൂർത്തിയാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു

ശുചിത്വ മിഷൻ വികസിപ്പിച്ചെടുത്ത ഹരിത മിത്രം സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തി കെൽട്രോണിന്റെ സഹായത്തോടെ ഹരിത കർമ്മസേനയുടെ നേതൃത്വത്തിലുള്ള മാലിന്യ സംസ്കരണ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് തൻവർഷം ആവിഷ്കരിച്ച സ്മാർട്ട് ഗാർബേജ് ബാഗ് മോണിട്ടറിംഗ് സിസ്റ്റം എന്ന പദ്ധതിയുടെ നിർവ്വഹണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് കെൽട്രോണും ശുചിത്വ മിഷനുമായി 19.3.2022ൽ ഒരു ത്രികക്ഷി കരാറിൽ ഏർപ്പെടുകയുണ്ടായി. കരാറിലെ നിബന്ധന പ്രകാരം പദ്ധതിയുടെ മേൽനോട്ടം, സർവ്വീസ് ചാർജ്, എസ്.എം.എസ് ചാർജ് എന്നിവയ്ക്കായി കെൽട്രോണിന് വികസന ഫണ്ടിൽ നിന്നും 1,42,900/- രൂപ നൽകിയിട്ടുണ്ട്. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു എന്നാണ് ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയത്. പദ്ധതി പൂർത്തിയാകുന്നമുറയ്ക്ക് കെൽട്രോണിൽ നിന്നും തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. പദ്ധതി പൂർത്തിയാകാത്ത സാഹചര്യത്തിൽ കെൽട്രോണിന് നൽകിയ 1,42,900/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ചെലവ് വിവരം.

ബിൽ നം. 0359/21.3.2022

## 1-18 പി.എച്ച്.സി. മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകൾ -മരുന്ന്/ഉപകരണങ്ങൾ പൂർണ്ണമായി ലഭിച്ചില്ല

മെഡിക്കൽ ഓഫീസർ, പി എച്ച് സി നടപ്പാക്കിയ വിവിധ പ്രോജക്ടുകളിൽ മരുന്ന് വാങ്ങുന്നതിനായി സ്ഥാപനങ്ങൾക്ക് മുൻകൂർ തുക കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയെങ്കിലും മരുന്ന്/ഉപകരണങ്ങൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./ പ്രോജക്ടിന്റെ പേര് | നൽകിയ തുക/ ബിൽ നം. | ലഭിച്ച മരുന്ന്/ ഉപകരണങ്ങളുടെ വില | ലഭിക്കാൻ ബാക്കിയുള്ള മരുന്ന്/ ഉപകരണങ്ങളുടെ വില |
|---|---|---|---|---|
| 1 | ആരോഗ്യ സുരക്ഷ, ജീവൻ സുരക്ഷ- പി.എച്ച്.സി-ക്ക് മരുന്ന്/ ഉപകരണങ്ങൾ വാങ്ങൽ | 500000 (BRN 21060552012901324949 Dtd.15.03.2022), | 289778 | 210222 |
| 2 | | 54867 (BRN 21060552012900148093 Dtd.25.06.2021) | 30581 | 24286 |
| 3 | 47/2022 ജീവിതശൈലീ രോഗനിയന്ത്രണ പരിപാടി | 250000 (BRN 21060552012900916275 Dtd.10.01.2022) | 184498 | 65502 |

| | | | | |
|---|---|---|---|---|
| 4 | 49/2022 ലാബിന് റീയേജന്റും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 110190 (BRN 21060552012901132508 Dtd.15.02.2022) | 83250 | 26940 |
| 5 | 198/22 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | 400000 (BRN 21060552012901279131/ Dtd.09.03.2022) | 241480 | 160093 |
| 6 | 40/22 പാലിയേറ്റീവ് കെയർ | 200000 (BRN 21060552012901469561/ Dtd.25.03.2022) | 0 | 200000 |
| | ആകെ | | | 687043 |

മരുന്നും, ഉപകരണങ്ങളും ലഭ്യമാക്കാൻ സ്വീകരിച്ച നടപടിയുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/15.11.2022) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. മരുന്ന്/ഉപകരണങ്ങൾ പൂർണ്ണമായും ലഭിക്കുന്നതുവരെ 687043/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18-1 മരുന്ന് വാങ്ങൽ പദ്ധതി - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല-

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം രണ്ടു പ്രൊജക്ടുകളിലായി 2021-22 വർഷം 550000/-രൂപ മുൻകൂർ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നാളിതു വരെയും മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | നൽകിയതുക/ ബിൽനം./ തീയതി | ലഭിച്ച മരുന്നിന്റെ ഇൻവോയിസ് വിവരങ്ങൾ | ലഭിച്ച മരുന്നുകളുടെ വില | ലഭിക്കാനുള്ള മരുന്നുകളുടെ വില |
|---|---|---|---|---|
| 0025/22 അടങ്കൽ-300000 (മെയിന്റനൻസ് ഗ്രാന്റ്) | 300000/-രൂപ 04/21-22 /07.01.2022 | LF-574/24-08-22 | 34717/-രൂപ | 265283/- |
| 0016/22 അടങ്കൽ-250000 (മെയിന്റനൻസ് ഗ്രാന്റ്) | 250000/-രൂപ 03/21-22 /07.01.2022 | LF-573/24-08-22 | 11889/-രൂപ | 238111/- രൂപ |

മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം. 1) മറുപടി ലഭ്യമാക്കിയിട്ടില്ല. 503394/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നൽകിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 ഐ.കെ.എം.വിഹിതം -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല -90000/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര് -ഐ.കെ.എം വിഹിതം നല്കൽ

പ്രോജക്ട് നം. 8/2022

അടങ്കൽ - വികസന ഫണ്ട് - 90000/-

ചെലവ് - 90000/- (BRN 21060652012500258162 Dtd.02.08.2021)

ഗ്രാമ പഞ്ചായത്തിൽ നിന്നും ഐ.കെ.എം വിഹിതമായി മേൽ പ്രോജക്ട് പ്രകാരം 90000/- രൂപ ഇൻഫോർമോഷൻ കേരള മിഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/18.11.2022)

മറുപടി ലഭിച്ചില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക90000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-20 SSA വിഹിതം നൽകൽ - വിനിയോഗ രേഖകളില്ല-ചെലവ് തടസ്സപ്പെടുത്തുന്നു-

എച്ച്.എം, ജിഎൽപിഎസ്സ്, മാരാരിക്കുളം നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ SSA വിഹിതം നൽകൽ എന്ന പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും 800000/-രൂപ സമഗ്ര ശിക്ഷാ കേരളയുടെ സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടറുടെ അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ട്.(BRN No.2106055202050025190/20-07-21) എന്നാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ രേഖകൾ ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (5) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ രേഖകളുടെ അഭാവത്തിൽ 800000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 വീട് വാസയോഗ്യമാക്കൽ (പ്രോ.നം - 04/22) - അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തിയാക്കിയില്ല

വി.ഇ.ഒ മാരാരിക്കുളം സർക്കിൾ നടപ്പാക്കിയ വീട് വാസയോഗ്യമാക്കൽ എന്ന പ്രോജക്ട് പ്രകാരം 18 ഗുണഭോക്താക്കൾക്കായി 15,00,000/- രൂപ വകയിരുത്തിയതിൽ 10,00,000/- രൂപ 15 ഗുണഭോക്താക്കൾക്കായി തൻവർഷം ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് ഫയലും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, അഞ്ച് ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ച് മുഴുവൻ തുകയായ ഒരു ലക്ഷം രൂപവീതം കൈപ്പറ്റിയിട്ടുണ്ട്. അഡ്വാൻസ് തുകയായ 50,000/- വീതം കൈപ്പറ്റിയിട്ടുള്ള 10 ഗുണഭോക്താക്കളിൽ എത്രപേർ നാളിതുവരെ പണി പൂർത്തിയാക്കിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയതിന് വി.ഇ.ഒ മറുപടി ലഭ്യമാക്കുകയുണ്ടായി. 10 ഗുണഭോക്താക്കളിൽ എട്ട് പേർ നിലവിൽ പണി പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടുണ്ടെന്നും മോഹനൻ മാത്തിവെളി വാർഡ് 9, രഘുവരൻ കളത്തിശ്ശേരി വാർഡ് 4 എന്നീ രണ്ട് ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുള്ളത്. നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ ടി ഗുണഭോക്താക്കൾക്ക് അഡ്വാൻസ് നൽകിയ 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പണി പൂർത്തിയാക്കുന്നമുറയ്ക്ക് വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

ചെലവ് വിവരം

ബിൽ നം 237/31.1.2022 – 250000/-

ബിൽ നം 273/15.2.2022 – 200000/-

## 1-22 സാമൂഹ്യ ക്ഷേമ പെൻഷൻ - യഥാസമയം സസ്പെന്റ് ചെയ്യുന്നതിൽ വീഴ്ച - മരണശേഷവും വിതരണം നടത്തി-

പഞ്ചായത്തിലെ ക്ഷേമപെൻഷൻ വിതരണവിവരങ്ങൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളിൽ ആധാർ നമ്പർ ലഭ്യമാക്കിയിട്ടുള്ളവരുടെ വിവരവും ഒത്തുനോക്കിയതിൽ ബാങ്ക് അക്കൌണ്ടുവഴി പെൻഷൻ വാങ്ങുന്നവരുടെ മരണശേഷം ക്ഷേമപെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല എന്നു കാണുന്നു. ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും നാളിതുവരെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ല. തന്മൂലം ദേശസാൽകൃത ബാങ്കുകൾ വഴി പെൻഷൻ കൈപ്പറ്റുന്നവരുടെ അക്കൌണ്ടിലേക്കും, വീടുകളിൽ എത്തിച്ചു നൽകുന്നവർക്കുവേണ്ടി സഹകരണ ബാങ്കുകളുടെ അക്കൌണ്ടിലേക്കും മരണശേഷവും തുക വിതരണം ചെയ്തതിന്റെ ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1.ബാങ്ക് അക്കൌണ്ട് മുഖേന പെൻഷൻ ലഭിച്ചവർ-

| ക്രമ നം | പേര് / വിലാസം | മരിച്ച തീയതി/ മരണ രജിസ്ട്രേഷൻ തീയതി | പെൻഷൻതരം / ഐഡി | അനർഹമായ കാലയളവിൽ നല്കിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഹരിസുധൻ, പൂത്തറ വീട് | 07.04.2021/ 06.05.2021 | വാർദ്ധക്യകാല പെൻഷൻ 300064609754 | 5/2021- 6/2021 വരെ 3200/-രൂപ | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ച |

| | | | | | |
|---|---|---|---|---|---|
| 2 | ഹരിഹരനുണ്ണി, അയിഷ ഭവൻ | 08.11.2020/ 04.06.2021 | വാർദ്ധക്യകാല പെൻഷൻ 785987553392 | 12/2020-9/2021 വരെ 15500/- | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 3 | പത്മനാഭൻ.പി.എ | 25.08.2021/ 14.09.2021 | വാർദ്ധക്യകാല പെൻഷൻ 342387718626 | 9/2021- 600/- | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 4 | പ്രേമവല്ലി | 09.08.2021/ 07.09.2021 | വാർദ്ധക്യകാല പെൻഷൻ 421679816591 | 9/2021- 1600/- | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 5 | ശാന്ത, ശാന്താലയം | 31.12.2020/ 07.07.2021 | കർകതൊഴിലാളി പെൻഷൻ 612482230874 | 1/2021- 9/2021- 14100/- | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 6 | ലളിതമ്മ, ചിത്രസദനം | 03.05.2021/ 14.07.2021 | വാർദ്ധക്യകാല പെൻഷൻ 435376101927 | 6/2021- 9/2021- 6400/- | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 7 | ലളിത, ഇടക്കിള്ളി ക്കാട്ട് വെളി | 28.10.2020/ 26.08.2021 | 50 വയസ്സ് കഴിഞ്ഞ അവിവാഹി തരായ വനിതകൾക്കുള്ള പെൻഷൻ | 11/2020- 8/2021/- 12500/- | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 8 | ഗോകുലനാഥ മേനോൻ | 04.07.2021/ 14.07.2021 | വാർദ്ധക്യകാല പെൻഷൻ (തദ്ദേശസ്ഥാപനം- ചേർത്തല നഗരസഭ) 557870758314 | 8/2021- 8/2022/- 20800/- | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു. ചേർത്തല നഗരസഭയിൽ ഈ വിവരം അറിയിക്കേണ്ട താണ്. |
| 9 | രാധാമണി | 03.01.2021/ 08.02.2021 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | 2/2021- 4/2021/- 4600/- | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |

മുകളിൽ സൂചിപ്പിച്ചിരിക്കുന്നവരുടെ പെൻഷൻ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യേണ്ടതും അനർഹമായ കാലയളവിലേക്ക് നൽകിയ തുകയായ 58500/-രൂപ അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കിഡിബിറ്റി സെല്ലിൽ ഒടുക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

2. സഹകരണ സൊസൈറ്റികൾ മുഖേന വിതരണം നടത്തിയത്-

ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്തിൽ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് കാലതാമസം നേരിടുന്നതായികാണുന്നു. ഇതുമൂലം സഹകരണ ബാങ്കുകളിലെ അക്കൌണ്ടിലേക്ക് തുക നൽകികൊണ്ടിരിക്കുന്നു.

മരണശേഷവും സഹകരണ ബാങ്കുകളിലേക്ക് (ഡയറക്ട് ടു ഹോം) പെൻഷൻ വിതരണം നടത്തുന്നതിന് തുക നൽകിയതിന് ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പേര്/ വിലാസം | മരിച്ച തീയതി/ രജിസ്ട്രേഷൻ തീയതി | പെൻഷൻതരം /ഐഡി | | അനർഹമായ കാലയളവിൽ നല്കിയ തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | രാമകൃഷ്ണൻ നായർ, ഗണപതിക്കാട്ട് | 02.04.2021/ 21.04.2021 | വാർദ്ധക്യകാല പെൻഷൻ 967805659752 | | 5/2021- =1600/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 2 | പത്മിനി, ചെമ്പേഴത്ത് | 27.3.2021/ 21.4.2021 | കർഷക തൊഴിലാളി പെൻഷൻ 222330557598 | 1 | 3/2021-5 /2021വരെ = 4700/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 3 | ചക്രപാണി, വെളളത്തേടത്ത് കലം | 23.7.2021/ 11.10.2021 | കർഷക തൊഴിലാളി പെൻഷൻ 482344792902 | | 8/2021-10/ 2021 വരെ = 4800/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി |
| 4 | ജാനകി, വടക്കേതയ്യിൽ | 12.10.2020/ 04.06.2021 | കർഷക തൊഴിലാളി പെൻഷൻ 694352759694 | | 8/2020-10 /2020വരെ = 4800/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി |
| 5 | സരോജിനിയമ്മ, കൊട്ടപ്പുറത്ത് വെളി | 23.08.2021/ 16.09.2021 | വിധവ പെൻഷൻ 245062958694 | | 9/2021 = 1600/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി |
| 6 | റ്റി.കെ രാജപ്പൻ, തട്ടപ്പുരയ്ക്കൽ | 14.04.2021/ 06.07.2021 | കർഷക തൊഴിലാളി പെൻഷൻ 502489803468 | | 5/2021 = 1600/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി |
| 7 | കൊച്ചുപാറു, ഗണപതിക്കാട്ട് വെളി | 20.08.2021/ 06.09.2021 | കർഷക തൊഴിലാളി പെൻഷൻ 503334065474 | | 9/2021 = 1600/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി |
| 8 | ഭവാനി, കവറത്തിൽ വീട് | 08.08.221/ 07.09.2021 | കർഷക തൊഴിലാളി പെൻഷൻ 487605380713 | | 7/2021-9 /2021വരെ = 4800/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി |
| 9 | റോസമ്മ, അമ്പലത്തിങ്കൽ | 17.05.2021/ 07.07.2021 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ 863481230918 | | 5/2021-6 /2021വരെ = 3200/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി |
| 10 | പൊന്നമ്മ മോഹൻ | 24.06.2021/ 14.07.2021 | വിധവ പെൻഷൻ 538943112979 | | 6/2021 = 1600/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി |
| 11 | പത്മനാഭൻ. റ്റി.എൻ | 25.06.2021/ 05.08.2021 | വാർദ്ധക്യകാല പെൻഷൻ 943441124023 | | 7/2021-9 /2021വരെ = 4800/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി |
| 12 | ഈശ്വരിയമ്മ | 21.07.2021/ 17.08.2021 | വാർദ്ധക്യകാല പെൻഷൻ 304936496546 | | 7/2021-8 /2021വരെ = 1200/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി |
| 13 | തങ്കമ്മ, ചെലാട്ട് വെളി | 04.08.2021/ 06.09.2021 | കർഷക തൊഴിലാളി പെൻഷൻ 324815333971 | | 7/2021-8/ 2021 = 3200/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി |

| | | | | | |
|---|---|---|---|---|---|
| 14 | ഉഷ,താല സാനക്കാട്ട് വെളി | 20.06.2021/ 22.07.2021 | ഇന്ദിര ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ 652490456075 | 5/2021 = 1600/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി |
| 15 | രത്നമ്മ, ചെലാട്ട് വെളി | 17.07.2021/ 04.08.2021 | കർഷക തൊഴിലാളി പെൻഷൻ 608406290774 | 7/2021-9/ 2021 വരെ = 4800/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി |
| 16 | ചെല്ലമ്മ, കുറ്റിച്ചിറ വെളി | 14.07.2021/ 04.08.2021 | കർഷക തൊഴിലാളി പെൻഷൻ 873121381383 | 7/2021-8/ 2021 = 3200/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി |
| 17 | നാരായണൻ റ്റി.കെ, തൈവീട്ട് വെളി | 26.06.2021/ 04.08.2021 | കർഷക തൊഴിലാളി പെൻഷൻ 665501870880 | 6/2021 = 600/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി |
| 18 | ഹരിദാസ്.റ്റി.കെ, കൊടിയംക്കാട്ട് വെളി | 08.12.2020/1 12.01.2021 | വാർദ്ധക്യകാല പെൻഷൻ 849017118899 | 12/2020-6/ 2021 വരെ = 10700/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി |
| 19 | അന്നമ്മ ജോണി, അറക്കൽ | 20.11.2020/ 15.01.2021 | വാർദ്ധക്യകാല പെൻഷൻ 400624936950 | 11/2020-5/ 2021 10700/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി |

ബാങ്കുകളുടെ അക്കൌണ്ടിൽ ഇപ്രകാരം വിതരണം ചെയ്യാതെ സൂക്ഷിച്ചിട്ടുള്ള ആകെ തുക തിട്ടപ്പെടുത്തി, കണക്ക് ലഭ്യമാക്കുവാൻ ബന്ധപ്പെട്ട സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം നൽകേണ്ടതും ഡിബിറ്റി സെല്ലിലേക്ക് തുക തിരികെ ഒടുക്കിയതിന്റെ വിശദാംശം അറിയിക്കേണ്ടതുമാണ്. നേരിട്ട് പെൻഷൻ വിതരണം ചെയ്യുന്ന സംഗതികളിൽ ഏതൊക്കെ സഹകരണ ബാങ്കുകൾ വഴിയാണ് പെൻഷൻ വിതരണം നടത്തുന്നതെന്നും, ഇപ്രകാരം വിതരണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ള സഹകരണ ബാങ്കുകൾ എല്ലാ മാസവും മരണപ്പെട്ട ഗുണഭോക്താക്കളുടെ റിപ്പോർട്ട് ലഭ്യമാക്കുന്നുണ്ടോയെന്ന വിവരവും അറിയിക്കേണ്ടതാണ്.

## 1-23 ടോയ്‌ലറ്റ് മെയിന്റനൻസ് (പ്രോ.നം 133/22) - സബ്സിഡി തുക ഗുണഭോക്താക്കൾക്ക് ലഭിച്ചില്ല

ശുചിത്വ മിഷന്റെ പി.ബി.ഐ.ജി ഫണ്ട് വിനിയോഗിച്ച് ടോയ്‌ലറ്റ് മെയിന്റനൻസ് എന്ന പദ്ധതിയ്ക്കായി 22,50,000/- രൂപയാണ് വകയിരുത്തിയിരുന്നത്. വി.ഇ.ഒ. മാരാരിക്കുളം സർക്കിൾ നടപ്പാക്കിയ ടി പ്രോജക്ട് പ്രകാരം ഒരു ഗുണഭോക്താവിന് 5000/- രൂപയാണ് സബ്സിഡി നൽകുന്നത്. പദ്ധതി ചെലവ് രേഖകൾ അനുസരിച്ച് 426 ഗുണഭോക്താക്കൾക്കായി മേൽ പ്രോജക്ടിൽ നിന്നും 21,30,000/- രൂപ ബിൽ പ്രകാരം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ശുചിത്വ മിഷന്റെ ബാങ്ക് ഓഫ് ബറോഡ മാരാരിക്കുളം ശാഖയിലെ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, 12.11.2021 മുതൽ 30.06.2022 വരെയുള്ള ദിവസങ്ങളിൽ ടി അക്കൗണ്ടിൽ നിന്നും 20,45,000/- രൂപ മാത്രമാണ് ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. അക്കൗണ്ട് വിവരങ്ങളിലെ പിശക് മൂലം 12/11/21, 5/1/22, 17/2/22, 30/3/22 എന്നീ തീയതികളിലായി 10 ഗുണഭോക്താക്കളുടെ സബ്സിഡി തുകയായ 50,000/- രൂപ അക്കൗണ്ടിലേയ്ക്ക് തിരികെ വന്നിട്ടുണ്ട്. ഇതിൽ 30,000/- രൂപ മാത്രമാണ് അക്കൗണ്ട് നമ്പരിലെ പിശക് പരിഹരിച്ച് 30.06.2022 വരെ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. ഇതുൾപ്പെടെ 20,75,000/- രൂപയാണ് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്.

അക്കൗണ്ടിലെ പിശക് മൂലം തിരികെ വന്ന 30,000/- രൂപയിൽ 20,000/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ടെന്നും രണ്ട് പേരുടെ വിവരങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും ആയത് അടിയന്തരമായി കണ്ടെത്തി തുക കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നാണ് ഇതുസംബന്ധിച്ച് എൻക്വയറിയ്ക്ക് (നം. 7/15.11.22) വി.ഇ.ഒ മറുപടി നൽകിയത്. ടി മറുപടി വസ്തുതാപരമല്ല. 12.11.2021 മുതൽ 30.06.2022 വരെയുള്ള ദിവസങ്ങളിലെ ബാങ്ക് ഓഫ് ബറോഡ മാരാരിക്കുളം ശാഖയിലെ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധിച്ച് ടോയ്‌ലറ്റ് മെയിന്റനൻസ് പദ്ധതി പ്രകാരം പണി പൂർത്തിയാക്കിയിട്ടും നാളിതുവരെ സബ്സിഡി ആനുകൂല്യം ലഭിച്ചിട്ടില്ലാത്തുമായ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ കണ്ടെത്തി അവർക്ക് ആനുകൂല്യം നൽകുന്നതിനുള്ള നടപടി

സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-24 കരാർ കാലാവധിക്കുള്ളിൽ പൂർത്തിയാക്കാതിരുന്ന മരാമത്ത് പ്രവർത്തികൾ - കാലതാമസത്തിന് പിഴ ഈടാക്കിയില്ല

ജി.ഒ (പി)13/2012/PWD/01-02-2012 പ്രകാരം പൊതുമരാമത്ത് മാനുവൽ 2012 ലെ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. എന്നാൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ ടി നിയമങ്ങൾക്ക് വിരുദ്ധമായി പിഴ ഈടാക്കാതെ കരാറുകാരന് മുഴുവൻ തുകയും അനുവദിച്ച് നൽകി. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര്, നം | കരാറുകാരൻ/ പി.എ.സി | എഗ്രിമെന്റ് തിയതി, കാലയളവ് | എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തിയതി | അളവ് പുസ്തക പ്രകാരം പൂർത്തിയാക്കിയ തിയതി | ഈടാക്കേണ്ട ഫൈൻ | ചെലവ് തുക, ബിൽ നം തീയതി |
|---|---|---|---|---|---|---|---|
| 01 | കളിയനാട് - കുട്ടപ്പനയ്ക്കൽ റോഡ് ടാറിംഗ് വാർഡ് 2 (പ്രോ.നം 144/22) | കെ.ഭുവനേന്ദ്രൻ 597100 | 28/07/21 6 മാസം | 27/01/2022 | 23/03/2022 | 597100 X 1% X55/90 = 3649 | 21/ 30.3.2022 – 664212/- |
| 02 | ചെല്ലാട്ടുവെളി - തത്തകുളങ്ങര റോഡ് ടാറിംഗ് വാർഡ് 5 (പ്രോ.നം 142/22) | പ്രകാശ്.ഡി 788517 | 19/07/21 6 മാസം | 18/01/2022 | 24/03/2022 | 788517 X 1% X 65/90 = 5695 | 12/ 14.3.2022 – 292801/- 27/ 30.3.2022 – 461138/- |
| 03 | കോമളപ്പറമ്പ് - തുരുത്തേൽ മഠം റോഡ് ടാറിംഗ് വാർഡ് 7 (പ്രോ.നം 72/22) | പ്രകാശ്.ഡി 498352 | 19/07/21 6 മാസം | 18/01/2022 | 25/03/2022 | 498352 X 1% X 66/90 = 3655 | 13/ 14.3.2022 – 215812/- 28/ 30.3.2022 – 336746/- |
| 04 | കൊല്ലിപ്പറമ്പ് - ചുള്ളിത്തൈ റോഡ് ടാറിംഗ് വാർഡ് 14 (പ്രോ.നം 60/22) | പ്രകാശ്.ഡി 1248640 | 13/09/21 6 മാസം | 12/03/2022 | 26/03/2022 | 1248640 X 1% X 14/90 = 1942 | 15/ 18.3.2022 – 439300 29/ 30.3.2022 – 946959/- |
| | ആകെ | | | | | 14941/- | |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30/07/2021 1444/2021/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമാണ് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയതെന്നാണ് മേൽ പരാമർശിച്ചിട്ടുള്ള പ്രവർത്തികളിൽ നിന്നും ഫൈൻ ഈടാക്കാതിരുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥയുടെ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. കോവിഡ് പശ്ചാത്തലത്തിൽ ലോക്ഡൗൺ

സമയത്ത് നിർമ്മാണ പ്രവർത്തികൾ സുഗമമായി മുന്നോട്ട് കൊണ്ട് പോകുന്നതിന് നിയന്ത്രണങ്ങൾ ഉണ്ടായിരുന്നത് കണക്കിലെടുത്ത് നിശ്ചിത സമയത്ത് പൂർത്തീകരിക്കാതിരുന്ന പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് ആറ് മാസം വരെ സമയം ദീർഘിപ്പിച്ച് നൽകികൊണ്ടുള്ള ഉത്തരവാണ് മേൽ സൂചിപ്പിച്ചിട്ടുള്ളത്. ഉത്തരവ് ഇറങ്ങിയ അതേ മാസം അതായത് 19/7/21, 28/7/21 എന്നീ തീയതികളിലാണ് ക്രമ നമ്പർ 1,2,3 പ്രകാരമുള്ള പ്രവർത്തികൾ ആരംഭിക്കുന്നതിനായി എഗ്രിമെന്റിൽ ഏർപ്പെട്ട് സൈറ്റ് കൈമാറിയിട്ടുള്ളത്. ക്രമ നമ്പർ 04 പ്രകാരമുള്ള പ്രവർത്തിയ്ക്കായി എഗ്രിമെന്റ് ചമച്ചിരിക്കുന്നത് 3/09/21ൽ ആണ്. ടി പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാതിരുന്നത് മൂലമുള്ള പിഴ ഒഴിവാക്കുന്നതിന് ടി ഉത്തരവിന്റെ ആനുകൂല്യം ലഭിക്കുന്നതല്ല. ആയതിനാൽ മേൽ പരാമർശിച്ചിട്ടുള്ള ഫൈൻ ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-25 എർത്ത് വർക്ക് എസ്കവേഷന് കൂടിയ നിരക്ക് അനുവദിച്ചതുമൂലം അധികച്ചെലവ്.

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നിർവ്വഹിച്ച താഴെപ്പറയുന്ന തോട് നവീകരണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് സംരക്ഷണ ഭിത്തി നിർമ്മാണത്തിന് എർത്ത് വർക്ക് എക്സ്കവേഷന് അനുവദിച്ചിരിക്കുന്ന നിരക്ക് 798.27/$m^3$ (സ്പെസിഫിക്കേഷൻ കോഡ് -11.1.1.1 എർത്ത് വർക്ക് എക്സ്കവേഷൻ ഫോർ സ്ട്രക്ച്ചേഴ്സ്) ആണ്. ഇത് പാലം, കൾവർട്ട് എന്നിവയുടെ നിർമ്മാണത്തിന് 3 മീറ്റർ വരെ ആഴത്തിൽ എർത്ത് വർക്ക് എക്സ്കവേഷന് നൽകുന്ന നിരക്കാണ്. സംരക്ഷണ ഭിത്തി നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദനീയമായ നിരക്ക് 257/m3 (കോസ്റ്റ് ഇൻഡക്സ് 48.71) അല്ലെങ്കിൽ 309.95/$m^3$ (കോസ്റ്റ് ഇൻഡക്സ് 41.53) (MoRDസ്പെസിഫിക്കേഷൻ കോഡ് -3.5.1 ആണ്. ഉയർന്ന നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് കരാറുകാർ ഉയർന്ന നിരക്ക് ക്വോട്ട് ചെയ്യാനും അതു വഴി അധികം നൽകാനുമിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/അളവു പുസ്തകം | കരാറുകാരൻ | അനുവദിച്ച തുക | അനുവദ നീയമായ തുക | അധികം നൽകിയ തുക | ചെലവു വിവരം |
|---|---|---|---|---|---|---|
| 1. | 14-ാം വാർഡിൽ പൊള്ളയിൽ - മാരാരി ബീച്ച് തോട് നവീകരണം. (പ്രോ.നം 187/22) | തോമസ് ജോസഫ് | 44.176 $M^3$ @798 = 35252/- (കോസ്റ്റ് ഇൻഡക്സ് 41.53) | 44.176 $M^3$ @309.95/$m^3$ = 13692/- | 21560/- | 1343279/- (PFMS On 27.3.22) |
| 2 | 14-ാം വാർഡിൽ അറപ്പക്കൽ - കുരിശടി തോട് നവീകരണം (പ്രോ.നം 106/22) | ജെയിംസ്.എം.എ, മാളിയേക്കൽ | 30.552 $M^3$ @530 = 16192/- (കോസ്റ്റ് ഇൻഡക്സ് 48.71) | 30.552$m^3$ @ 247.45/$m^3$ = 7560 | 8632/- | 743734/- (PFMS On 27.3.22) |
| 3 | അറപ്പക്കൽ - മിനി ഗ്രൗണ്ട് തോടിന് പാർശ്വഭിത്തി നിർമ്മാണം (പ്രോ.നം 182/22) | അനിതമ്മ അനിൽ കുമാർ 4A കൺസ്ട്രക്ഷൻസ് | 214.8$m^3$ @720 = 154656/- (കോസ്റ്റ് ഇൻഡക്സ് 41.53) | 214.8$m^3$ @ 309.95 = 66577 | 88079/- | 553631/- (PFMS On 29.3.22) |
| | ആകെ തുക | | | | 118271 | |

പാർശ്വ ഭിത്തി നിർമ്മാണത്തിന് എർത്ത് വർക്ക് എസ്കവേഷന് പ്രൈസ് സോഫ്റ്റ്‌വെയറിലെ സ്പെസിഫിക്കേഷൻ 11.1.1.1 പ്രകാരമുള്ള നിരക്കിനാണ് എസ്റ്റിമേറ്റ് പരിശോധിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതിക അനുമതി നൽകിയിട്ടുള്ളതെന്നും പ്രവർത്തി നടപ്പാക്കിയ തോടുകൾക്ക് ഏകദേശം രണ്ടര മീറ്റർ ആഴമുണ്ടെന്നും ആഴം കൂടിയ തോടിന്റെ അടിത്തട്ടിൽ നിന്നും പാർശ്വ ഭിത്തിയുടെ ഫൗണ്ടേഷനുവേണ്ടി അസ്ഥിവാരം കോരുമ്പോൾ കരയിൽ നിന്നും ഏകദേശം മൂന്ന് മീറ്റർ ഉയരം ഉണ്ടാകുന്നതിനാലാണ് എസ്റ്റിമേറ്റിൽ സ്പെസിഫിക്കേഷൻ 11.1.1.1 പ്രകാരമുള്ള നിരക്ക് ഉൾപ്പെടുത്തിയതെന്നുമാണ് ഇതുസംബന്ധിച്ച എൻക്വയറിയ്ക്ക് മറുപടി നൽകിയത്. തോടിന്റെ ഉപരിതലം മുതൽ

അടിത്തട്ട് വരെ മൂന്ന് മീറ്റർ ഉയരം ഉണ്ടെന്നുള്ളതുകൊണ്ട് സ്പെസിഫിക്കേഷൻ 11.1.1.1 പ്രകാരമുള്ള നിരക്ക് നൽകുവാൻ കഴിയില്ല. എർത്ത് വർക്ക് എസ്കവേഷന് എത്ര ആഴത്തിൽ മണ്ണ് നീക്കം ചെയ്യുന്നുവെന്ന് കണക്കാക്കിയാണ് ഐറ്റം തെരഞ്ഞെടുക്കേണ്ടത്. പാർശ്വ ഭിത്തി നിർമ്മാണത്തിന് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 0.40 മീറ്റർ, 0.50 മീറ്റർ ആഴത്തിൽ എർത്ത് വർക്ക് എസ്കവേഷൻ നടത്തുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്നതിനാലും അളവ് പുസ്തകത്തിൽ 0.40 മീറ്റർ ആഴത്തിൽ മാത്രം എർത്ത് വർക്ക് എസ്കവേഷൻ നടത്തിയിട്ടുള്ളവെന്നതിനാലും നിർവ്വഹണ ഉദ്യോഗസ്ഥയുടെ ടി മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ അധികം ചെലവഴിച്ച തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-26 അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ പദ്ധതി-അപാകതകൾ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടിലെ അപാകതകൾ താഴെ ചേർക്കുന്നു.

പ്രോജക്ട് നം -115/22

പ്രോജക്ടിന്റെ പേര് -എസ്.സി.വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം

ചെലവ്

വികസനഫണ്ട്(എസ്.സി.പി) - 446000/-

ജില്ലാ പഞ്ചായത്ത് വിഹിതം - 372500/-

ആകെ ചെലവ് - 818500/-

ഈ പ്രോജക്ടിൽ തുക കൈപ്പറ്റിയ 10 ഗുണഭോക്താക്കളിൽ 6 പേർ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കാത്തവരുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | കൈപ്പറ്റിയ തുക | ബിൽ നം/തീയതി | പ്രവൃത്തിയുടെ നിലവിലെ വിവരം |
|---|---|---|---|---|
| 1 | അനിൽ കുമാർ<br>മൂന്നുങ്കൽചിറ | 75000 | ബിൽ നം 10,18.10.21,2,25,000/- | ലിന്റൽ ലെവൽ |
| 2 | മനോഹരൻ<br>ചെറുകാട്ടുവെളി | 75000 | ബിൽ നം 10, 18.10.21, 2,25,000/ | വാർക്കൽ കഴിഞ്ഞു |
| 3 | തങ്കമ്മ<br>ചെറുകാട്ടുവെളി | 75000 | ബിൽ നം 10, 18.10.21, 2,25,000/ | ലിന്റൽ ലെവൽ |
| 4 | അമ്മിണി<br>കുറവൻചിറ | 75000 | ബിൽ നം 16, 25.01.22, 75,000/ | വാർക്കൽ കഴിഞ്ഞു |

തുക കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ ആയത് പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പൂർത്തീകരണ വിവരം ലഭ്യമാകുന്നതു വരെ മേൽ പറഞ്ഞ 4 ഗുണഭോക്താക്കൾക്ക് നൽകിയ 300000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-27 MGNREGS-ബിൽ പ്രകാരം സപ്ലൈ ചെയ്ത അളവിനെക്കാൾ അധികം മെറ്റീരിയൽ സ്റ്റാക്ക് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു-

MGNREGS ന്റെ 2021-22 വർഷത്തെ ഫയലുകൾ പരിശോധിച്ചതിൽ, ചുവടെ ചേർത്തിട്ടുള്ള മെറ്റീരിയൽ പ്രവൃത്തിയിൽ കരാറുകാരൻ മെറ്റീരിയൽസ് സപ്ലൈ ചെയ്തതായി കാണിച്ച് നൽകിയിട്ടുള്ള ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ളതിനേക്കാൾ അധികം അളവിൽ മെറ്റീരിയൽസ് സ്റ്റാക്ക് ചെയ്തതായി അളവുപുസ്തകം പ്രകാരം രേഖപ്പെടുത്തിയിട്ടുള്ളതായി കണ്ടു. വിശദ വിവരം ചുവടെ ചേർക്കുന്നു.

8-ാം വാർഡിൽ കൊടുമ്പാട്ടു വെളി തച്ചാപറമ്പ് റോഡ് മെറ്റലിംഗ്.

എം ബുക്ക് No.588/21-22, ഗോപിനാഥൻ.പി.ജി.
വർക്ക് കോഡ്-RC/296789
FTO-No.163113/12-07-22

| ഇനം | കരാറുകാരൻ ഹാജരാക്കിയ ബില്ല് പ്രകാരം ഉള്ള അളവ് | അളവുപുസ്തകം പ്രകാരം സ്റ്റാക്ക് ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ള അളവ്. |
|---|---|---|
| 63 To45 Mm മെറ്റൽ | 24.73 $M^3$ | 24.84 $M^3$ |
| ക്വാറിമക്ക് | 24.60 $M^3$ | 34.59 $M^3$ |
| 11.2 Mm മെറ്റൽ | 5.18 $M^3$ | 5.229 $M^3$ |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (3) ലഭ്യമാക്കിയ മറുപടിയിൽ ബിൽ പ്രകാരം സപ്ലൈ ചെയ്ത അളവിൽ നിന്നും കൺസോളിഡേഷൻ കുറവ് ചെയ്തതിന് ശേഷമുള്ള അളവിനാണ് തുക നൽകുന്നതെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ മറുപടി മേൽ അപാകതകളെ സാധൂകരിക്കുന്നതല്ല. കരാറുകാരൻ സപ്ലൈ ചെയ്യുന്ന മെറ്റീരിയലിന്റെ അളവ്, അളവ് പുസ്തകത്തിൽ സ്റ്റാക്ക് മെഷർമെന്റ് ആയി രേഖപ്പെടുത്തുമ്പോൾ ആയത് കരാറുകാരൻ നൽകിയിട്ടുള്ള ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ള അളവുകളുമായി പൊരുത്തപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-28 പ്രൊക്യൂർമെന്റ് കമ്മിറ്റി പ്രവർത്തനം കാര്യക്ഷമമല്ല- _

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08-11-2010ലെ ജി.ഒ (പി) നം. 259/2010-നമ്പർ ഉത്തരവിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള സമാഹരണ ചക്രത്തിൽ (Procurement Cycle) ആവശ്യം തിരിച്ചറിയൽ മുതൽ വിലയിരുത്തലും കരാർ അവസാനിപ്പിക്കലും വരെയായി 15 ഘട്ടങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം സെക്രട്ടറി/നിർവ്വഹണ ഉദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന ഒരു വാങ്ങൽ ടീം രൂപീകരിക്കേണ്ടതും വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതല ടീം നിർവ്വഹിക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വാങ്ങൽ പദ്ധതിയുടെ പാരിസ്ഥിതിക, അപായ ഘടകങ്ങൾ പരിശോധിക്കൽ, വിതരണക്കാരേയും സേവനദാതാക്കളേയും തിരിച്ചറിയൽ ലഭ്യമാകുന്ന രേഖകളിൽ വ്യക്തത വരുത്തൽ, വിലയിരുത്തൽ തുടങ്ങികരാർ അവസാനിപ്പിക്കൽ വരെയുള്ള നടപടികൾ ഈ ടീമിൽ നിക്ഷിപ്തമാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കുന്നതിനായി പ്രസിഡന്റ് ചെയർപേഴ്സണും, വൈസ് പ്രസിഡന്റ് ഡെപ്യൂട്ടി ചെയർപേഴ്സണും സെക്രട്ടറി കൺവീനറും, എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരും, നിർവ്വഹണ ഉദ്യോഗസ്ഥരും സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിലെ രണ്ടു പേരും ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. രേഖകളുടെ വസ്തുതാപരമായ കൃത്യത സെക്രട്ടറിയോ, നിർവ്വഹണ ഉദ്യോഗസ്ഥനോ പരിശോധിച്ചതിന് ശേഷം പ്രൊക്യൂർമെന്റ് കമ്മിറ്റി മുൻപാകെ രേഖകൾ സമർപ്പിക്കേണ്ടതാണ്.

മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷത്തെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ തൻ വർഷം 23.11.21 തീയതിയിൽ കൂടിയിട്ടുള്ള 7 പേർ പങ്കെടുത്ത യോഗത്തിൽ (പ്രസിഡന്റ്, 2 സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാർ ഉൾപ്പടെ) ഐസിഡിഎസ്സ് സൂപ്പർവൈസർ നിർവ്വഹണം നടത്തുന്ന വൃദ്ധജനങ്ങൾക്ക് കട്ടിൽ എന്ന പദ്ധതിയിൽ കട്ടിലുകൾ ARTCO യിൽ നിന്നും വാങ്ങുന്നതിനും, മറ്റൊരു പ്രൊജക്ട് പ്രകാരമുള്ള കളിയുപകരണങ്ങൾ, അടുക്കള ഉപകരണങ്ങൾ എന്നിവ SIDCO വാങ്ങുന്നതിനും തീരുമാനിച്ചതായി മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

തൻവർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ലൈറ്റും അനുബന്ധ ഉപകരണങ്ങളും, അസ്സി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വൃദ്ധർക്ക് കട്ടിൽ, ബഡ്സ് സ്കൂളിന് ഉപകരണങ്ങൾ എന്നിവയും

വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവയുടെയൊന്നും തന്നെ ഗുണനിലവാരമോ, സ്പെസിഫിക്കേഷനോ, തുടങ്ങിയവയൊന്നും തന്നെ കമ്മിറ്റിയിൽ ചർച്ച ചെയ്യപ്പെട്ടിട്ടില്ല. ഐസിഡിഎസ്സ് സൂപ്പർവൈസർ നിർവ്വഹണം നടത്തുന്ന വൃദ്ധജനങ്ങൾക്ക് കട്ടിൽ എന്ന പദ്ധതിയിൽ കട്ടിലുകൾ ARTCO യിൽ നിന്നും 92 കട്ടിലുകൾ ഒന്നിന് 4342/- രൂപ നിരക്കിൽ വാങ്ങിയപ്പോൾ, അസ്സി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വൃദ്ധർക്ക് കട്ടിൽ എന്ന പദ്ധതിയിൽ 50 കട്ടിലുകൾ SIDCO യിൽ നിന്നും 4295/- രൂപ നിരക്കിലുമാണ് വാങ്ങിയിട്ടുള്ളത്.രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥർ ഒരേ കാലയളവിൽ നടപ്പിലാക്കിയ ഒരേ പദ്ധതികൾക്ക് വ്യത്യസ്ത നിരക്കിൽ തുക അനുവദിക്കപ്പെടാനുണ്ടായ സാഹചര്യം പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ ചർച്ച ചെയ്യപ്പെട്ടില്ല. തന്മൂലം ഈയിനത്തിൽ 4324/- രൂപയുടെ അധിക ചെലവുണ്ടായി.

2021-22 വർഷം പ്രൊക്യൂർമെന്റ് കമ്മിറ്റി, പ്രൊക്യൂർമെന്റ് ടീം എന്നിവയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കുന്ന ഘടനയിൽ ഇവ രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും ഇല്ലെങ്കിൽ ആയതിന്റെ കാരണവും, മേൽസൂചിപ്പിച്ച വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി ഇടപെടാതിരുന്നതിന് കാരണവും വിശദീകരിക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (23) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റികളുടെ

പ്രവർത്തനം കാര്യക്ഷമമായ രീതിയിൽ നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-29 വാട്ടർ ചാർജ്ജ് – ഡിമാന്റ് തുക ക്രമീകരിക്കാത്തതിനാൽ ഫൈൻ വർദ്ധിക്കുന്നു.

ഗ്രാമ പഞ്ചായത്തിലെ 347 ടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഇനത്തിൽ വാട്ടർ അതോറിറ്റി എല്ലാ മാസവും 159418/- രൂപ ഡിമാന്റ് ചെയ്തു വരുന്നു. ടി തുക പഞ്ചായത്ത് പ്രതിമാസം അടച്ചു പോരുന്നു. കേരള വാട്ടർ അതോറിറ്റിയുടെ 23.07.2019 ലെ KWA/HORMC/R6/166/18/11 നമ്പർ കത്ത് പ്രകാരം ഗ്രാമ പഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് അടയ്ക്കേണ്ട തുക 138705/- രൂപയായിരുന്നു. തുടർന്ന് 2019-20 വർഷത്തെ പദ്ധതി തുകയിൽ നിന്ന് പ്രസ്തുത തുക ഉൾപ്പടെ ആകെ 229432/- രൂപ സോഴ്സിൽ നിന്ന് കുറവ് ചെയ്തിരുന്നു. അതിൽ 90727/- രൂപ അഡ്വാൻസായി നിലനിൽക്കുകയും ഗ്രാമ പഞ്ചായത്ത് അതാത് മാസം വാട്ടർചാർജ് ഡിമാന്റ് തുക ഒടുക്കുകയും ചെയ്യുന്നുണ്ട്.

എന്നാൽ നാളിതുവരെ വാട്ടർ അതോറിറ്റി ഡിമാന്റ് കാലികമാക്കിയിട്ടില്ലാത്തതിനാൽ 13.04.2021-ലെ 50897 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം 31.03.2021-ൽ ഗ്രാമ പഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഇനത്തിൽ 97,14,035/- രൂപ കുടിശ്ശികയുണ്ട്. 2021-22 സാമ്പത്തിക വർഷം 09.03.2022-ലെ 61421 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം കുടിശ്ശിക 1,19,93,371/-രൂപ യായി വർദ്ധിച്ചിട്ടുണ്ട്. മുൻവർഷങ്ങളിൽ ഒടുക്കിയതുക ഡിമാന്റിൽ കുറവ് വരുത്താതെ പ്രതിമാസം രണ്ട് ലക്ഷത്തിലധികം രൂപ ഫൈൻ വരുത്തുന്നതിനാൽ കുടിശ്ശിക വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഗ്രാമപഞ്ചായത്തിന്റെ വാട്ടർചാർജ്ജ് ഡിമാന്റ് യഥാർത്ഥ തുകയിലേക്ക് ക്രമീകരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ സത്വര ശ്രദ്ധക്ഷണിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ എല്ലാ കുടുംബങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ പൊതുടാപ്പുകളുടെ പ്രസക്തി തന്നെ നഷ്ടപ്പെട്ടു. ഓരോ ഗുണഭോക്താവിൽ നിന്നും അവർ ഉപയോഗിക്കുന്ന ജലത്തിന്റെ അളവിന് ആനുപാതികമായി വാട്ടർ അതോറിറ്റി വെള്ളക്കരം ഈടാക്കുന്നുണ്ട്. അതോടൊപ്പം ഉപയോഗിക്കാത്ത പൊതുടാപ്പുകൾക്ക് ഓരോ മാസവും വലിയ തുക ചെലവഴിക്കുന്നത് ഗ്രാമപഞ്ചായത്തിന് അധിക സാമ്പത്തിക ബാധ്യതയാണ് ഉണ്ടാക്കുന്നത്. പൊതുടാപ്പുകൾ ആവശ്യമായവ മാത്രം നിലനിർത്തി മറ്റുള്ളവ വിച്ഛേദിക്കുന്നതിന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും പഞ്ചായത്ത് ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം -2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ഡി.& ഒ.ലൈസൻസ് - കുറവായി ഈടാക്കി-

ഡി. & ഒ. ലൈസൻസിനുള്ള താഴെപ്പറയുന്ന അപേക്ഷകനിൽ നിന്നും ലൈസൻസ് ഫീ കുറവായി ഈടാക്കിയതായി കാണുന്നു.

| അപേക്ഷകൻ /കെട്ടിട നം. | രസീത് നം. | തുക ഈടാക്കേണ്ടത് | തുക ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| കാർണോസ്റ്റി റിസോർട്ട് പ്രൈ.ലി. 1/800w | 120020500068/22.2.21 | 15000 | 10000 | 5000 |
| പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് നം. PCB/RO/ALPA/ICO/712/12/03.05.19 പ്രകാരം മൂലധന നിക്ഷേപം 1749 ലക്ഷം രൂപയാണ്. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 7, പട്ടിക II പ്രകാരം 10 കോടിയലധികം മൂലധനനിക്ഷേപമുള്ള ടി സ്ഥാപനം ലാർജ്ജ് എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്നതാണ്. | | | | |

| അപേക്ഷകൻ /കെട്ടിട നം. | രസീത് നം. | തുക ഈടാക്കേണ്ടത് | തുക ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| എസ്ക്കാപെഡ് | 120020500074/26.2.21 | 15000 | 10000 | 5000 |

| | | | | |
|---|---|---|---|---|
| റിസോർട്ട് | | | | |
| പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് നം. PCB/ALPA /UCO/382/2007/03.05.19 പ്രകാരം മൂലധന നിക്ഷേപം 2033.68 ലക്ഷം രൂപയാണ്. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 7, പട്ടിക II പ്രകാരം 10കോടിയലധികം മൂലധനനിക്ഷേപമുള്ള ടി സ്ഥാപനം ലാർജ്ജ് എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്നതാണ്. | | | | |

ഈയിനത്തിൽ 10000/- രൂപ കുറവായി ഈടാക്കിയത് തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.അല്ലാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എർത്ത് വർക്ക് എസ്കവേഷന് കൂടിയ നിരക്ക് അനുവദിച്ചതുമൂലം അധികച്ചെലവ്

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നിർവ്വഹിച്ച താഴെപ്പറയുന്ന തോട് നവീകരണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് സംരക്ഷണ ഭിത്തി നിർമ്മാണത്തിന് എർത്ത് വർക്ക് എക്സ്കവേഷന് അനുവദിച്ചിരിക്കുന്ന നിരക്ക് 798.27/$m^3$ (സ്പെസിഫിക്കേഷൻ കോഡ് -11.1.1.1 എർത്ത് വർക്ക് എക്സ്കവേഷൻ ഫോർ സ്ട്രക്ച്ചേഴ്സ്) ആണ്. ഇത് പാലം, കൾവർട്ട് എന്നിവയുടെ നിർമ്മാണത്തിന് 3 മീറ്റർ വരെ ആഴത്തിൽ എർത്ത് വർക്ക് എക്സ്കവേഷന് നൽകുന്ന നിരക്കാണ്. സംരക്ഷണ ഭിത്തി നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദനീയമായ നിരക്ക് 257/$m^3$ (കോസ്റ്റ് ഇൻഡക്സ് 48.71) അല്ലെങ്കിൽ 309.95/$m^3$ (കോസ്റ്റ് ഇൻഡക്സ് 41.53) (MoRD സ്പെസിഫിക്കേഷൻ കോഡ് -3.5.1 ആണ്. ഉയർന്ന നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് കരാറുകാർ ഉയർന്ന നിരക്ക് ക്വോട്ട് ചെയ്യാനും അതു വഴി അധികം നൽകാനുമിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/അളവു പുസ്തകം | കരാറുകാരൻ | അനുദിച്ച തുക | അനുവദനീയമായ തുക | അധികം നൽകിയ തുക | ചെലവു വിവരം |
|---|---|---|---|---|---|---|
| 1. | 14-ാം വാർഡിൽ പൊള്ളയിൽ - മാരാരി ബീച്ച് തോട് നവീകരണം. (പ്രോ.നം 187/22) | തോമസ് ജോസഫ് | 44.176$m^3$ @798 = 35252/- (കോസ്റ്റ് ഇൻഡക്സ് 41.53) | 44.176 $M^3$ @309.95/$m^3$ = 13692/- | 21560/- | 1343279/- (PFMS On 27.3.22) |
| 2 | 14-ാം വാർഡിൽ അറപ്പക്കൽ - കുരിശടി തോട് നവീകരണം (പ്രോ.നം 106/22) | ജെയിംസ് എം.എ, മാളിയേക്കൽ | 30.552 $M^3$ @530 = 16192/- (കോസ്റ്റ് ഇൻഡക്സ് 48.71) | 30.552 $M^3$ @ 247.45/$m^3$ = 7560 | 8632/- | 743734/- (PFMS On 27.3.22) |
| 3 | അറപ്പക്കൽ - മിനി ഗ്രൗണ്ട് തോടിന് പാർശ്വഭിത്തി നിർമ്മാണം (പ്രോ.നം 182/22) | അനിതമ്മ അനിൽ കുമാർ 4A കൺസ്ട്രക്ഷൻസ് | 214.8$m^3$ @720 = 154656/- (കോസ്റ്റ് ഇൻഡക്സ് 41.53) | 214.8$m^3$ @ 309.95 = 66577 | 88079/- | 553631/- (PFMS On 29.3.22) |
| | ആകെ തുക | | | | 118271 | |

പാർശ്വ ഭിത്തി നിർമ്മാണത്തിന് എർത്ത് വർക്ക് എസ്കവേഷന് പ്രൈസ് സോഫ്റ്റ് വെയറിലെ സ്പെസിഫിക്കേഷൻ 11.1.1.1 പ്രകാരമുള്ള നിരക്കിനാണ് എസ്റ്റിമേറ്റ് പരിശോധിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതിക അനുമതി നൽകിയിട്ടുള്ളതെന്നും പ്രവർത്തി നടപ്പാക്കിയ തോടുകൾക്ക് ഏകദേശം രണ്ടര മീറ്റർ ആഴമുണ്ടെന്നും ആഴം കൂടിയ തോടിന്റെ അടിത്തട്ടിൽ നിന്നും പാർശ്വ ഭിത്തിയുടെ ഫൗണ്ടേഷനുവേണ്ടി അസ്ഥിവാരം കോരുമ്പോൾ കരയിൽ നിന്നും ഏകദേശം മൂന്ന് മീറ്റർ ഉയരം ഉണ്ടാകുന്നതിനാലാണ് എസ്റ്റിമേറ്റിൽ സ്പെസിഫിക്കേഷൻ 11.1.1.1 പ്രകാരമുള്ള നിരക്ക് ഉൾപ്പെടുത്തിയതെന്നുമാണ് ഇതുസംബന്ധിച്ച എൻക്വയറിയ്ക്ക് മറുപടി നൽകിയത്. തോടിന്റെ ഉപരിതലം മുതൽ അടിത്തട്ട് വരെ മൂന്ന് മീറ്റർ ഉയരം ഉണ്ടെന്നുള്ളതുകൊണ്ട് സ്പെസിഫിക്കേഷൻ 11.1.1.1 പ്രകാരമുള്ള നിരക്ക് നൽകുവാൻ കഴിയില്ല. എർത്ത് വർക്ക് എസ്കവേഷന് എത്ര ആഴത്തിൽ മണ്ണ് നീക്കം ചെയ്യുന്നുവെന്ന് കണക്കാക്കിയാണ് ഐറ്റം തെരഞ്ഞെടുക്കേണ്ടത്. പാർശ്വ ഭിത്തി നിർമ്മാണത്തിന് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 0.40 മീറ്റർ, 0.50 മീറ്റർ ആഴത്തിൽ എർത്ത് വർക്ക് എസ്കവേഷൻ നടത്തുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്നതിനാലും അളവ് പുസ്തകത്തിൽ 0.40 മീറ്റർ ആഴത്തിൽ മാത്രം എർത്ത് വർക്ക് എസ്കവേഷൻ നടത്തിയിട്ടുള്ളവെന്നതിനാലും നിർവ്വഹണ ഉദ്യോഗസ്ഥയുടെ ടി മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ അധികം ചെലവഴിച്ച തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 സാമൂഹ്യ ക്ഷേമ പെൻഷൻ - യഥാസമയം സസ്പെന്റ് ചെയ്യുന്നതിൽ വീഴ്ച - മരണശേഷവും വിതരണം നടത്തി-

പഞ്ചായത്തിലെ ക്ഷേമപെൻഷൻ വിതരണവിവരങ്ങൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു. പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളിൽ ആധാർ നമ്പർ ലഭ്യമാക്കിയിട്ടുള്ളവരുടെ വിവരവും ഒത്തുനോക്കിയതിൽ ബാങ്ക് അക്കൌണ്ടുവഴി പെൻഷൻ വാങ്ങുന്നവരുടെ മരണശേഷം ക്ഷേമപെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല എന്നു കാണുന്നു. ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും നാളിതുവരെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ല. തന്മൂലം ദേശസാൽകൃത ബാങ്കുകൾ വഴി പെൻഷൻ കൈപ്പറ്റുന്നവരുടെ അക്കൌണ്ടിലേക്കും, വീടുകളിൽ എത്തിച്ചു നൽകുന്നവർക്കുവേണ്ടി സഹകരണ ബാങ്കുകളുടെ അക്കൌണ്ടിലേക്കും മരണശേഷവും തുക വിതരണം ചെയ്തതിന്റെ ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1. ബാങ്ക് അക്കൌണ്ട് മുഖേന പെൻഷൻ ലഭിച്ചവർ-

| ക്രമനം | പേര് / വിലാസം | മരിച്ച തീയതി/ മരണ രജിസ്ട്രേഷൻ തീയതി | പെൻഷൻതരം / ഐഡി | അനർഹമായ കാലയളവിൽ നല്കിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഹരിസൂധൻ, പൂത്താറ വീട് | 07.04.2021/ 06.05.2021 | വാർദ്ധക്യകാല പെൻഷൻ 300064609754 | 5/2021- 6/2021 വരെ 3200/-രൂപ | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 2 | ഹരിഹരനുണ്ണി, അയിഷ ഭവൻ | 08.11.2020/ 04.06.2021 | വാർദ്ധക്യകാല പെൻഷൻ 785987553392 | 12/2020-9/2021 വരെ 15500/- | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 3 | പത്മനാഭൻ പി.എ | 25.08.2021/ 14.09.2021 | വാർദ്ധക്യകാല പെൻഷൻ 342387718626 | 9/2021- 600/- | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 4 | പ്രേമവല്ലി | 09.08.2021/ 07.09.2021 | വാർദ്ധക്യകാല പെൻഷൻ 421679816591 | 9/2021- 1600/- | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 5 | ശാന്ത, ശാന്താലയം | 31.12.2020/ 07.07.2021 | കർഷകതൊഴിലാളി പെൻഷൻ 612482230874 | 1/2021- 9/2021- 14100/- | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |

| | | | | | |
|---|---|---|---|---|---|
| 6 | ലളിതമ്മ, ചിത്രസദനം | 03.05.2021/ 14.07.2021 | വാർദ്ധക്യകാല പെൻഷൻ 435376101927 | 6/2021- 9/2021- 6400/- | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 7 | ലളിത, ഇടക്കിള്ളി ക്കാട്ട് വെളി | 28.10.2020/ 26.08.2021 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 11/2020- 8/2021/- 12500/- | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 8 | ഗോകുലനാഥ മേനോൻ | 04.07.2021/ 14.07.2021 | വാർദ്ധക്യകാല പെൻഷൻ (തദ്ദേശസ്ഥാപനം- ചേർത്തല നഗരസഭ) 557870758314 | 8/2021- 8/2022/- 20800/- | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു. ചേർത്തല നഗരസഭയിൽ ഈ വിവരം അറിയിക്കേണ്ട താണ്. |
| 9 | രാധാമണി | 03.01.2021/ 08.02.2021 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | 2/2021- 4/2021/- 4600/- | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |

മുകളിൽ സൂചിപ്പിച്ചിരിക്കുന്നവരുടെ പെൻഷൻ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യേണ്ടതും അനർഹമായ കാലയളവിലേക്ക് നൽകിയ തുകയായ 58500/-രൂപ അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കി ഡിബിറ്റി സെല്ലിൽ ഒടുക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 3-3 കരാർ കാലാവധിക്കുള്ളിൽ പൂർത്തിയാക്കാതിരുന്ന മരാമത്ത് പ്രവർത്തികൾ - കാലതാമസത്തിന് പിഴ ഈടാക്കിയില്ല

ജി.ഒ (പി)13/2012/PWD/01-02-2012 പ്രകാരം പൊതുമരാമത്ത് മാനവൽ 2012 ലെ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. എന്നാൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ ടി നിയമങ്ങൾക്ക് വിരുദ്ധമായി പിഴ ഈടാക്കാതെ കരാറുകാരന് മുഴുവൻ തുകയും അനുവദിച്ചു നൽകി. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര്, നം | കരാറുകാരൻ/ പി.എ.സി | എഗ്രിമെന്റ് തിയതി, കാലയളവ് | എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | അളവ് പുസ്തക പ്രകാരം പൂർത്തിയാക്കിയ തീയതി | ഈടാക്കേണ്ട ഫൈൻ | ചെലവ് തുക, ബിൽ നം തീയതി |
|---|---|---|---|---|---|---|---|
| 01 | കളിയനാട് - കുട്ടപ്പനയ്ക്കൽ റോഡ് ടാറിംഗ് വാർഡ് 2 (പ്രോ.നം 144/22) | കെ.ഭുവനേന്ദ്രൻ 597100 | 28/07/21 6 മാസം | 27/01/2022 | 23/03/2022 | 597100 X 1% X55/90 = 3649 | 21/30.3.2022 – 664212/- |
| 02 | ചെല്ലാട്ടുവെളി - തത്തകുളങ്ങര റോഡ് ടാറിംഗ് വാർഡ് 5 (പ്രോ.നം 142/22) | പ്രകാശ്.ഡി 788517 | 19/07/21 6 മാസം | 18/01/2022 | 24/03/2022 | 788517 X 1% X 65/90 = 5695 | 12/14.3.2022 – 292801/- 27/30.3.2022 – 461138/- |

| | | | | | | | |
|---|---|---|---|---|---|---|---|
| 03 | കോമളപ്പറമ്പ് - തുരുത്തേൽ മഠം റോഡ് ടാറിംഗ് വാർഡ് 7 (പ്രോ.നം 72/22) | പ്രകാശ്.ഡി 498352 | 19/07/21 6 മാസം | 18/01/2022 | 25/03/2022 | 498352 X 1% X 66/90 = 3655 | 13/14.3.2022 – 215812/- 28/30.3.2022 – 336746/- |
| 04 | കൊല്ലിപ്പറമ്പ് - ചുള്ളിത്തൈ റോഡ് ടാറിംഗ് വാർഡ് 14 (പ്രോ.നം 60/22) | പ്രകാശ്.ഡി 1248640 | 13/09/21 6 മാസം | 12/03/2022 | 26/03/2022 | 1248640 X 1% X 14/90 = 1942 | 15/18.3.2022 – 439300 29/30.3.2022 – 946959/- |
| | ആകെ | | | | | 14941/- | |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30/07/2021 1444/2021/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമാണ് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയതെന്നാണ് മേൽ പരാമർശിച്ചിട്ടുള്ള പ്രവർത്തികളിൽ നിന്നും ഫൈൻ ഈടാക്കാതിരുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥയുടെ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. കോവിഡ് പശ്ചാത്തലത്തിൽ ലോക്ഡൗൺ സമയത്ത് നിർമ്മാണ പ്രവർത്തികൾ സുഗമമായി മുന്നോട്ട് കൊണ്ട് പോകുന്നതിന് നിയന്ത്രണങ്ങൾ ഉണ്ടായിരുന്നത് കണക്കിലെടുത്ത് നിശ്ചിത സമയത്ത് പൂർത്തീകരിക്കാതിരുന്ന പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് ആറ് മാസം വരെ സമയം ദീർഘിപ്പിച്ച് നൽകികൊണ്ടുള്ള ഉത്തരവാണ് മേൽ സൂചിപ്പിച്ചിട്ടുള്ളത്. ഉത്തരവ് ഇറങ്ങിയ അതേ മാസം അതായത് 19/7/21, 28/7/21 എന്നീ തീയതികളിലാണ് ക്രമ നമ്പർ 1,2,3 പ്രകാരമുള്ള പ്രവർത്തികൾ ആരംഭിക്കുന്നതിനായി എഗ്രിമെന്റിൽ ഏർപ്പെട്ട് സൈറ്റ് കൈമാറിയിട്ടുള്ളത്. ക്രമ നമ്പർ 04 പ്രകാരമുള്ള പ്രവർത്തിയ്ക്കായി എഗ്രിമെന്റ് ചമച്ചിരിക്കുന്നത് 3/09/21ൽ ആണ്. ടി പ്രവർത്തികൾ യഥാസമയം പൂർത്തിയാക്കാതിരുന്നത് മൂലമുള്ള പിഴ ഒഴിവാക്കുന്നതിന് ടി ഉത്തരവിന്റെ ആനുകൂല്യം ലഭിക്കുന്നതല്ല. ആയതിനാൽ മേൽ പരാമർശിച്ചിട്ടുള്ള ഫൈൻ ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 792500 | എസ്.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി | 792500 | 00 |
| | 2021-22 | 100000 | അനുപൂരക പോഷകാഹാര പരിപാടി | 100000 | 0 |
| | 2021-22 | 470400 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 470400 | 00 |
| | | 500000 | ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം | 500000 | |
| | 2021-22 | 200000 | അഗതി ആശ്രയ പദ്ധതി | 200000 | 00 |
| | 2021-22 | 2200000 | ലൈഫ് മിഷൻ ഭവനപദ്ധതി (എസ് സി) | 2200000 | |
| | 2021-22 | 2000000 | ലൈഫ് മിഷൻ ഭവനപദ്ധതി (ജനറൽ) | 2000000 | |
| ആകെ | | 6262900 | | 6262900 | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 593575 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 593575 | |
| | 2020-21 | 210987 | സുഭിക്ഷ കേരളം നെൽകൃഷി വികസനം | 210987 | |
| | | 200000 | പാലിയേറ്റീവ് കെയർ | 200000 | 00 |
| | | 100000 | അഗതി ആശ്രയ | 100000 | 00 |
| | | 480000 | ലൈഫ് മിഷൻ ഭവനപദ്ധതി(ജനറൽ) | 480000 | 00 |
| ആകെ | | 1584562 | | 1584562 | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | റർബൻ മിഷൻ സ്കീം | 12,60,000/- | 0 | 12,60,000/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തൻവർഷം തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | തൻ വർഷം വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.എം.എസ് 2278/തസ്വഭവ 18.8.2018 | 53934707 | 45828040 | 3813333 | 00 | 42934707 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷം | 2021-22 |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 27320579 |
| തൻവർഷം നിക്ഷേപിച്ച തുക | 1832038 |
| ആകെ | 29152617 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 6325917 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 22826700 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| ജില്ലാ സഹകരണ ബാങ്ക് | 1817419 | 5321 |
| ജില്ലാ സഹകരണ ബാങ്ക് | 1817875 | 5320 |
| ജില്ലാ സഹകരണ ബാങ്ക് | 417271 | 6393 |
| ജില്ലാ സഹകരണ ബാങ്ക് | 6737289 | 3041 |
| ജില്ലാ സഹകരണ ബാങ്ക് | 6258022 | 3110 |
| ജില്ലാ സഹകരണ ബാങ്ക് | 5764500 | 1034 |
| ജില്ലാ സഹകരണ ബാങ്ക് | 14324 | 2954 |
| ആകെ | 22826700 | |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2019-20 | 1-21 | 1326 | സന്ധ്യ എസ്, ഐ സി ഡി എസ് ഓഫീസർ | 121020100547/8.7.2021 |
| 2016-17 | 3-6 | 2000 | ബ്ലൂമൂൺ, പ്രൊപ്രൈറ്റർ | 121010900089/20.11.2021 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 118524284/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 110611706/- |
| വരവിനങ്ങളിലുള്ള നഷ്ടം | 10000/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 176771/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2623337/- |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | വരവിനങ്ങളിലെ നഷ്ടം | ചെലവിനങ്ങളിലെ നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 10000/- | | ശ്രീമതി.അജിതകുമാരി.എൽ,<br>സെക്രട്ടറി. |
| 3-1 | | 118271 | ശ്രീമതി. പ്രിയമ്മ ഫിലിപ്പ്, അസ്സി.എൻജിനീയർ |
| 3-2 | | 58500/- | ശ്രീമതി.അജിതകുമാരി.എൽ,<br>സെക്രട്ടറി. |
| ആകെ | 10000/- | 176771/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 142900/- | ശ്രീമതി.സ്മിത ഒ, വി.ഇ.ഒ, മാരാരിക്കുളം |
| 1-18 | 687043/- | ഡോ.രജനി<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-18-1 | 503394/- | ഡോ.വിദ്യ.എം.പൈ.<br>മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-19 | 90000/- | ശ്രീമതി.അജിതകുമാരി.എൽ.<br>സെക്രട്ടറി |
| 1-19 | 800000/- | ശ്രീ.ജോൺ ബോസ്കോ, ഹെഡ്മാസ്റ്റർ,<br>ഗവ.എൽ.പി.എസ്, മാരാരിക്കുളം |
| 1-21 | 100000/- | ശ്രീമതി. സ്മിത ഒ, വി.ഇ.ഒ, മാരാരിക്കുളം |
| 1-26 | 300000/- | ശ്രീ.ഷാജി, അസ്സി.സെക്രട്ടറി. |
| ആകെ | 2623337/- | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.വിദ്യ.എം.പൈ.<br>മെഡിക്കൽ ഓഫീസർ ഹോമിയോ | മെഡിക്കൽ ഓഫീസർ ഹോമിയോ | കുണ്ടേലാറ്റ് ഹൗസ്.<br>തിരുപ്പതി ലെയിൻ<br>എസ്.എൽ.പുരം. |
| ശ്രീമതി.അജിതകുമാരി.എൽ<br>സെക്രട്ടറി | സെക്രട്ടറി<br>മാരാരിക്കുളം<br>വടക്ക് പഞ്ചായത്ത് | നടുവിലപ്പറമ്പ്<br>കരിക്കാട് പി.ഒ,<br>തണ്ണീർമുക്കം<br>ചേർത്തല |
| ഡോ.രജനി<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | വൃന്ദാവനം, ടി.സി 1918-1<br>തിരുമല പി.ഒ<br>തിരുവനന്തപുരം |
| ശ്രീ.ജോൺ ബോസ്കോ, ഹെഡ്മാസ്റ്റർ,<br>ഗവ.എൽ.പി.എസ്, മാരാരിക്കുളം | ഹെഡ്മാസ്റ്റർ,<br>ഗവ.എൽ.പി.എസ്, മാരാരിക്കുളം | പുത്തൻ പുരയ്ക്കൽ,<br>ചെത്തി പി ഒ, ആലപ്പുഴ |
| ശ്രീമതി. സ്മിത ഒ, വി.ഇ.ഒ,<br>മാരാരിക്കുളം | വി.ഇ.ഒ, മാരാരിക്കുളം | വെളിയിൽ,<br>ആര്യാട് നോർത്ത് പി.ഒ,<br>ആലപ്പുഴ |
| ശ്രീമതി.പ്രിയമ്മ ഫിലിപ്പ്. | അസ്സി.എൻജിനീയർ | പുന്നയ്ക്കൽ,<br>കാട്ടൂർ.പി.ഒ,<br>ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.എ5-1832/11/20-01-12 – ഓഡിറ്റ് അദാലത്ത് 2011-12 |
| 2002-03 | |
| 2003-04 | |
| 2004-05 | |
| 2005-06 | |
| 2006-07 | എൽ.എഫ്.ജി.എ-5/1577/13/7-6-2014 – ഓഡിറ്റ് അദാലത്ത് 2013-14 |
| 2007-08 | |
| 2008-09 | |
| 2009-10 | |
| 2011-12 & 12-13 | കെ എസ് എ/എ എൽ പി/പി8/847/2022/05.08.2022<br>അദാലത്ത് റിപ്പോർട്ട് |
| 2013-14 | കെ എസ് എ/എ എൽ പി/പി8/847/2022/05.08.2022<br>അദാലത്ത് റിപ്പോർട്ട് |
| 2014-15 | കെ എസ് എ/എ എൽ പി/പി8/847/2022/05.08.2022<br>അദാലത്ത് റിപ്പോർട്ട് |
| 2015-16 | കെ എസ് എ/എ എൽ പി/പി8/847/2022/05.08.2022<br>അദാലത്ത് റിപ്പോർട്ട് |
| 2016-17 | കെ എസ് എ/എ എൽ പി/പി8/847/2022/05.08.2022<br>അദാലത്ത് റിപ്പോർട്ട് |

| | |
|---|---|
| 2017-18 | കെ എസ് എ/എ എൽ പി/പി8 317/19/04.05.2019 |
| 2018-19 | കെ എസ് എ/എ എൽ പി/പി8 148/20/13.02.2020 |
| 2019-20 | കെ എസ് എ/എ എൽ പി/പി8 -384/21/12.04.2021 |
| 2020-21 | കെ എസ് എ/എ എൽ പി/പി8 -779/2021/24.09.2021 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്